# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# ബദിയഡുക്ക ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## കാസറഗോഡ്-671123

## ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KSD6/918/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 16/11/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബദിയഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KSD6/918/2024 തീയ്യതി: 16/11/2024

# കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 03-10-2024 | 10-10-2024 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-10-2024 | 10-10-2024 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വിനോദ് കുമാർ. വി, ഓഡിറ്റ് ഓഫീസർ
ശ്രീ. ജെനു കുര്യാക്കോസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ബാബു എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അരുൺദേവ് വി.ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഹരി വേണുഗോപാലൻ കെ.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബി ശാന്ത | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. രാജേന്ദ്രൻ സി | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പുഷ്പരാജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 06-07-2023 |
| ശ്രീ വിജയൻ | അസിസ്റ്റന്റ് സെക്രട്ടറി | 04-09-2023 | 31-03-2024 |
| ശ്രീമതി ബിന്ദു ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ അനുഗ്രഹ് ബി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി ഷംനീഷ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ സുബ്രഹ്മണ്യ ഭട്ട് കെ | പ്രധാനാധ്യാപകൻ | 01-04-2023 | 31-03-2024 |
| ഡോ ഭാഗ്യശ്രീ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 25-08-2023 |
| ഡോ ഫാത്തിമ യസ്മീൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 26-08-2023 | 21-02-2024 |
| ഡോ ആൻസി ഇമാനുവൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 22-02-2024 | 31-03-2024 |
| ഡോ ഹരിശങ്കർ എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2023 | 06-08-2023 |
| ഡോ വിജയൻ എം | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 07-08-2023 | 30-09-2023 |
| ഡോ ഹരിശങ്കർ എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-10-2023 | 31-03-2024 |
| ഡോ ഷബീന കെ.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 05-09-2023 |
| ഡോ രേഖ എസ്.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 06-09-2023 | 11-01-2024 |
| ഡോ അഞ്ജലി എം ജോർജ്ജ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-01-2024 | 31-03-2024 |
| ശ്രീ അനിൽകുമാർ | ഫിഷറീസ് സബ്ബ് ഇൻസ്ട്രക്ടർ | 01-04-2023 | 03-08-2023 |
| ശ്രീ ഷിനാസ് എൻ | ഫിഷറീസ് സബ്ബ് ഇൻസ്ട്രക്ടർ | 04-08-2023 | 28-09-2023 |
| ശ്രീമതി ചന്ദന ദിനകരൻ | ഫിഷറീസ് സബ്ബ് ഇൻസ്ട്രക്ടർ | 29-09-2023 | 31-03-2024 |
| ശ്രീ സുകുമാരൻ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-05-2023 |
| ശ്രീ എബിൻ ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2023 | 18-07-2023 |

| | | | |
|---|---|---|---|
| ശ്രീമതി ഷീന എസ്.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-07-2023 | 31-03-2024 |
| സന്ദീപ്.എസ്.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 15-05-2023 |
| ഗിരീഷ്.എ | അസിസ്റ്റന്റ് എഞ്ചിനീയർ | 16-05-2023 | 14-06-2023 |
| അമർനാഥ്.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 15-06-2023 | 12-09-2023 |
| അനുഷ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 13-09-2023 | 16-03-2024 |
| ഹരിദാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-03-2024 | 31-03-2024 |
| പുരുഷോത്തമൻ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 02-04-2024 |
| പ്രിയങ്ക ബാലൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 03-04-2024 | 10-07-2024 |
| പുരുഷോത്തമൻ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11-07-2023 | 21-08-2023 |
| അബ്ദുള്ള എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22-08-2023 | 07-03-2024 |
| പ്രിയങ്ക ബാലൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 08-03-2024 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വർഷങ്ങളായി ആവർത്തിച്ചു വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല | 1-1-1 |
| 3 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം- | 1-1-2 |
| 4 | വിവിധ ഫണ്ടുകളുടെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയതിൽ പൊരുത്തക്കേടുകൾ- | 1-1-3 |
| 5 | റീക്കൺസിലിയേഷനിലെ അപാകതകൾ-. | 1-1-4 |
| 6 | വരുമാനം രേഖപ്പെടുത്തിയതിലെ അപാകതകൾ- | 1-1-5 |
| 7 | പെൻഷൻ കണക്കുകൾ രേഖപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-1-6 |
| 8 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. | 1-1-7 |
| 9 | ഡെപ്രിസിയേഷൻ കണക്കാക്കിയതിൽ അപാകത | 1-1-8 |
| 10 | ഡെപ്പോസിറ്റുകൾ / ഡെപ്പോസിറ്റ് രജിസ്റ്റർ | 1-1-9 |
| 11 | ഷെഡ്യൂൾB4- ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | B-9ഷെഡ്യൂളിലെ ബാദ്ധ്യതാ നീക്കിയിരിപ്പുകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല. | 1-1-11 |
| 13 | ഷെഡ്യൂൾ B-18- അഡ്വാൻസുകൾ/ ഡെപ്പോസിറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-13 |
| 15 | തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകളിൽ പിശക് | 1-1-14 |
| 16 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- കണക്കുകളിൽ പിശക് | 1-1-15 |
| 17 | ലോണിനുള്ള ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ വായ്പാ ബാദ്ധ്യതയായി രേഖപ്പെടുത്തി | 1-1-16 |
| 18 | വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല.- | 1-1-17 |
| 19 | സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-18 |
| 20 | ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ട്- 2162 ലെ ഇടപാടുകൾ അക്കൗണ്ട് ചെയ്തിട്ടില്ല. | 1-1-19 |

| | | |
|---|---|---|
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | പദ്ധതി അവലോകനം | 1-5 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 27 | ക്യാഷ് ബാലൻസ് | 1-8 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 29 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്. | 1-10 |
| 30 | ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങൾ ഉറപ്പ് വരുത്താതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുവദിച്ചു | 1-11 |
| 31 | എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 32 | വസ്തു നികുതി പരിഷ്കരിക്കുന്നതിൽ വീഴ്ച | 1-13 |
| 33 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് തിരിച്ചടവ്- കൃത്യമായ മോണിറ്ററിംഗ് നടത്തുന്നില്ല | 1-14 |
| 34 | തൊഴിലുറപ്പ് പദ്ധതി ഓഫീസിലേക്ക് ലാപ്പ്ടോപ്പ്- -കെൽട്രോണിൽ നിന്നും ലാപ്പ്ടോപ്പ് നാളിതുവരേയും ലഭ്യമായില്ല. | 1-15 |
| 35 | എം.സി.എഫിൽ ക്യാമറ സ്ഥാപിക്കൽ - ക്യാമറ സ്ഥാപിച്ചില്ല. | 1-16 |
| 36 | വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾ - ഫണ്ട് പൂർണ്ണമായും ചെലവഴിച്ചില്ല | 1-17 |
| 37 | സാന്ത്വന പരിചരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-18 |
| 38 | കുടിവെള്ള ടാങ്ക് (എസ്.ടി)- ഒരു ടാങ്ക് വിതരണം ചെയ്തില്ല. | 1-19 |
| 39 | സാനിറ്ററി പാഡ് ഇൻസിനറേറ്റർ -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി. | 1-20 |
| 40 | ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു | 1-21 |
| 41 | സ്കൂളുകൾക്ക് ലാപ് ടോപ്പ് , കളർ പ്രിന്റർ, ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി- ലാപ് ടോപ്പുകൾ ലഭ്യമായില്ല. | 1-22 |

| | | |
|---|---|---|
| 42 | തുടർ സാക്ഷരത പരിപാടി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-23 |
| 43 | വീടുകൾക്ക് റിംങ് കംപോസ്റ്റ് ബിൻ വിതരണം - 4,45,000 രൂപയുടെ റിംങ് കംപോസ്റ്റ് ലഭിച്ചിട്ടില്ല. | 1-24 |
| 44 | കവുങ്ങ് കൃഷിക്ക് ജൈവവളം പദ്ധതി-കൃഷിയുടെ വിശദവിവരം രേഖപ്പെടുത്തിയില്ല. | 1-25 |
| 45 | തെങ്ങിന് ജൈവവളം വിതരണം-തെങ്ങ് കൃഷിയുടെ വിശദവിവരം രേഖപ്പെടുത്തിയില്ല. | 1-26 |
| 46 | പ്രോജക്റ്റ് നം.126/24- CEC നീർച്ചാൽ റിപ്പയർ- ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തതിനാൽ നഷ്ടം | 1-27 |
| 47 | തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ സമാഹരണം - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-28 |
| 48 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും നികുതികൾ കുറവു ചെയ്യുന്നില്ല. | 1-29 |
| 49 | വിവിധ പ്രോജക്റ്റുകൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-30 |
| 50 | എച്ച്.എം.സികൾ- വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമയബന്ധിതമായി ലഭ്യമാക്കുന്നില്ല. | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | CEC നീർച്ചാൽ റിപ്പയർ- ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തതിനാൽ നഷ്ടം | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |

| | | |
|---|---|---|
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 13.06.2024 ലെ 8/2നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 09.07.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബദിയടുക്ക ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2024-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭാപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബദിയടുക്ക ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

16.11.2024

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## 1-1-1 വർഷങ്ങളായി ആവർത്തിച്ചു വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല

1. ഷെഡ്യൂൾ B1-Panchayat Fund General- ഈ ഷെഡ്യൂളിൽ Excess Of Income Over Expenditure എന്ന കണക്കിൽ 5,39,79,403 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെൻറിച്ചർ അക്കൗണ്ട് പ്രകാരം 31.03.2024 ലെ ഗ്രോസ് സർപ്ലസ് (Income Over Expenditure After Prior Period Items) 1,46,95,921 രൂപയാണ്.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്

2023-24 വർഷത്തെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക് ഉള്ളതായി കാണുന്നു. സ്റ്റേറ്റ്മെന്റ് പ്രകാരം Net Cash Generated By Operating Activities, Investing Activities And Financing Activities 1,07,31,434 രൂപയാണ്. എന്നാൽ Net Increase In Cash And Cash Equivalents 1,35,66,895 രൂപയാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ വർഷങ്ങളായി ആവർത്തിച്ചു വരുന്നതും സംസ്ഥാന തലത്തിൽ തന്നെ സോഫ്റ്റ്വെയർ ക്രമീകരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. എന്നാൽ സോഫ്റ്റ് വെയർ ദാതാക്കളുടെ ഭാഗത്തു നിന്നും ഇവ പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

## 1-1-2 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം-

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട

മാറ്റങ്ങൾ, തിരിച്ചു നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ ചട്ടം പാലിച്ചിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2024 മാർച്ച് 31 ന് മാത്രമാണ്.

## 1-1-3 വിവിധ ഫണ്ടുകളുടെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയതിൽ പൊരുത്തക്കേടുകൾ-

1. ധനകാര്യ കമ്മീഷൻ ഫണ്ട് (ബേസിക് ഗ്രാന്റ്)

ധനകാര്യ കമ്മീഷൻ ഫണ്ട് (ബേസിക് ഗ്രാന്റ്) വിഭാഗത്തിന്റെ ആകെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് 32,57,856 രൂപയാണ്. (ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- 29,10,637രൂപ, റവന്യൂ ഗ്രാന്റ്- 3,47,219 രൂപ). എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരവും സുലേഖയിൽ നിന്നുള്ള ചെലവ് പത്രിക പ്രകാരവും ആകെ ചെലവ് 32,40,117 രൂപ മാത്രമാണ്.

2. ധനകാര്യ കമ്മീഷൻ ഫണ്ട് (ടൈഡ് ഫണ്ട്)

ധനകാര്യ കമ്മീഷൻ ഫണ്ട് (ടൈഡ് ഫണ്ട്) വിഭാഗത്തിന്റെ ആകെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് 62,73,463 രൂപയാണ്. (ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- 53,83,889രൂപ, റവന്യൂ ഗ്രാന്റ്- 8,89,574രൂപ). എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരവും സുലേഖയിൽ നിന്നുള്ള ചെലവ് പത്രിക പ്രകാരവും ആകെ ചെലവ് 62,15,061 രൂപ മാത്രമാണ്.

## 1-1-4 റീക്കൺസിലിയേഷനിലെ അപാകതകൾ-.

1) TSB Account- 2162-

ഈ അക്കൗണ്ടിന്റെ 31.03.2024 ലെ റീക്കൺസിലിയേഷൻ പ്രകാരം Cheques Deposited But Not Cleared എന്ന വിവരണത്തോടെ 08.02.2018 ലെ റസീറ്റ് വൗച്ചർ നം. 117040500041 പ്രകാരമുള്ള 18,750 രൂപ ചേർത്തിട്ടുണ്ട്. കളക്ഷൻ ആവാത്ത ചെക്കുകളിന്മേൽ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ വർഷങ്ങളായി Cheques Deposited But Not Cleared എന്ന കണക്കിൽ ഉൾപ്പെടുത്തി വരുന്നത് ശരിയല്ല.

2) Canara Bank Ownfund- 3856-

ഈ അക്കൗണ്ടിന്റെ 31.03.2024 ലെ റീക്കൺസിലിയേഷൻ പ്രകാരം Cheques Deposited But Not Cleared എന്ന വിവരണത്തോടെ 05.02.2022 ലെ റസീറ്റ് വൗച്ചർ നം. 121040500034 പ്രകാരമുള്ള 10,750 രൂപ ചേർത്തിട്ടുണ്ട്. കളക്ഷൻ ആവാത്ത ചെക്കുകളിന്മേൽ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ വർഷങ്ങളായി Cheques Deposited But Not Cleared എന്ന കണക്കിൽ ഉൾപ്പെടുത്തി വരുന്നത് ശരിയല്ല.

ഈ അക്കൗണ്ടിന്റെ 31.03.2024 ലെ റീക്കൺസിലിയേഷൻ പ്രകാരം Cheques Issued But Not Presented To Bank എന്ന വിവരണത്തോടെ 05.02.2022 ലെ കോൺട്രാ വൗച്ചർ നം. 31900298 പ്രകാരമുള്ള 8,750 രൂപ ചേർത്തിട്ടുണ്ട്. ഈ ചെക്ക് നാളിതു വരെ Stale Cheque എന്ന കണക്കിൽ പെടുത്തുകയോ റീ ഇഷ്യൂ ചെയ്യുകയോ ഇടപാട് ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

**1-1-5 വരുമാനം രേഖപ്പെടുത്തിയതിലെ അപാകതകൾ-**

1) വാടക രജിസ്റ്ററിൽ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തുകയോ വരുമാനം മറ്റു വിധേന കണക്കാക്കി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ കണക്കിലെ അക്രൂവൽ വരുമാനത്തിന്റെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

2) കെട്ടിട അപേക്ഷാ രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്ന വിവരങ്ങളും കെട്ടിട അപേക്ഷാ രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തിക്കാണുന്നു. ആയതിനാൽ പെർമിറ്റ് ഫീസ്, റഗുലറൈസേഷൻ ഫീസ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

**1-1-6 പെൻഷൻ കണക്കുകൾ രേഖപ്പെടുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.**

2023-24 വർഷം പെൻഷൻ തുകകൾ ജേണൽ വഴി രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

**1-1-7 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.**

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല

(പ്രോജക്ട് നം, പേര്, തുക തുടങ്ങിയ വിവരങ്ങൾ സഹിതം)

312100128- Capital Contribution From MGNREGA- Rs.13,30,629

312100204- Capital Contribution From CFC Basic-29,10,637

312100211- Capital Contribution From CFC Tied – 53,83,889

312100302- Capital Contribution From Maintenance Fund NR- 12,66,256

## 1-1-8 ഡെപ്രിസിയേഷൻ കണക്കാക്കിയതിൽ അപാകത

2023-24 വർഷത്തെ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നത് വിവിധ ഫണ്ടുകളിൽ നിന്നുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളുടെ മേലാണ്. ജി.ഒ(എം.എസ്)നം.152/2011/തസ്വഭവ, തിയതി 26.07.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Significant Accounting Policies പ്രകാരം ഡെപ്രിസിയേഷൻ ആസ്തികളുടെ മേലാണ് ചാർജ് ചെയ്യേണ്ടത്. ഇതിനു വിരുദ്ധമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തതിന് വിശദീകരണം നൽകിയിട്ടില്ല.

## 1-1-9 ഡെപ്പോസിറ്റുകൾ / ഡെപ്പോസിറ്റ് രജിസ്റ്റർ

1) 31.03.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 17,41,665 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയുണ്ട്. എന്നാൽ, ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റിന്റെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശ്യം) രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.

2) 340109901- Other Deposits എന്ന കണക്കിൽ 31.03.2024 ലെ റസീറ്റ് വൗച്ചർ നം. 123000711 പ്രകാരം SBI E Payment അക്കൗണ്ടിൽ വരവു വന്ന തുക (Narration - Amount Credited In Bank 142790 On 18-9-2023 06-07-2023 3729614126 State Bank Of India BIN000671514279 But In Ilgms E Pay 6-7-2023 . Sbi Bank Amount 142790 -Ilgms Credit 47750 Balance Amount 95040 Taken In Deposit) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ഒരു തുക SBI E Payment അക്കൗണ്ടിൽ വരവു വന്നതായി കാണുന്നില്ല. വിശദ വിവരം ലഭ്യമാക്കേണ്ടതാണ്.

3) 340109901- Other Deposits എന്ന കണക്കിൽ 31.03.2024 ലെ റസീറ്റ് വൗച്ചർ നം. 123000715 പ്രകാരം 502 രൂപ “Narration - Unknown Credit From -AMOUNT CREDITED ON CANARA BANK UPI ON 14-8-23 -25-8-23-5-1-24-20-2-24- 12-2-24 -502” എന്ന നരേഷനോടു കൂടി രേഖപ്പെടുത്തിയിട്ടുണ്ട്. വരവു തുകകൾ Unknown Credit എന്ന രീതിയിൽ രേഖപ്പെടുത്തുന്നത് ശരിയായ അക്കൗണ്ടിംഗ് നടപടിയല്ല.

4) 340109901- Other Deposits എന്ന കണക്കിൽ 31.03.2024 ന് 11,76,146 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-10 ഷെഡ്യൂൾB4- ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | | | |
|---|---|---|---|
| 320100139 | National Health | 4,50,000 | ഈ തുകകൾ മുന്നിരിപ്പു തുകകളാണ്. |

| | | | |
|---|---|---|---|
| | Mission | | തുകകളുടെ വിശദാംശങ്ങളും തുക നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. |
| 320200182 | Total Sanitation Scheme | 15,02,703 | |
| 320100200 | Best Panchayat Award | 1,00,000 | |
| 320100999 | Other Liabilities | 2,12,852 | ബാദ്ധ്യതാ തുകയുടെ വിശദാംശങ്ങൾ, തുക ഏതു ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത് എന്ന വിവരവും ലഭ്യമാക്കിയിട്ടില്ല. |

**1-1-11 B-9ഷെഡ്യൂളിലെ ബാദ്ധ്യതാ നീക്കിയിരിപ്പുകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.**

B-9ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 350109999 | Amount Payable To Other Creditors | 3,12,081 | ഈ ബാദ്ധ്യത സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350110104 | Employer Liabilities - Pension Contributions Payable | 53,017 | ലെഡ്ജർ പരിശോധനയിൽ 31.03.2024 ലെ 42301365 നമ്പർ ജേണൽ വൗച്ചർ മുഖേന 50,100.00 രൂപയുടെ അക്രൂവൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ മാസങ്ങളിൽ അക്രൂവൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ചെലവാണ് ഇത്. ഇത്തരത്തിൽ അക്രൂവൽ യഥാസമയം രേഖപ്പെടുത്താത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350110108 | Employer Liabilities - Pension | 50,623 | ലെഡ്ജർ പരിശോധനയിൽ ഈ കണക്കിൽ മുന്നിരിപ്പ് ഉണ്ടായിരുന്ന 44,011 രൂപയിൽ 9662 രൂപ മാർച്ച് 2023 |

| | | | |
|---|---|---|---|
| | Contributions Payable(NPS) | | മാസത്തെ വിഹിതമായി മെയ് മാസം അടച്ചതായി കാണുന്നു. ബാക്കി 34,349 രൂപ അടക്കാത്തതിന് കാരണം വിശദമാക്കേണ്ടതാണ്. 2023-24 വർഷം അക്രൂവൽ രേഖപ്പെടുത്തിയ 1,86,732 രൂപയുടെ ചെലവിൽ 1,70,458 രൂപ അടച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കി 16,274 രൂപയും ബാക്കിയുണ്ട്. ഇതിൽ മാർച്ച് 24 മാസത്തെ അക്രൂവൽ ചെലവ് 15,516 രൂപ മാത്രമാണ്. 758 രൂപയുടെ വ്യത്യാസം വിശദീകരിച്ചിട്ടില്ല. |
| 350200112 | Recoveries Payable - Banks And Other Financial Institutions | 21,975 | ഈ കണക്കിൽ മുന്നിരിപ്പ് ഉണ്ടായിരുന്ന 16,975 രൂപയിൽ 8,000 രൂപ മാത്രമാണ് 11.05.2023 ന് അടച്ചിട്ടുള്ളത്. ബാക്കി 8,975രൂപ വർഷാവസാനം ബാക്കി നിൽക്കുന്നുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350200114 | Recoveries Payable - Income Tax Deducted At Source - Salaries | 18,600 | ഈ കണക്കിൽ മുന്നിരിപ്പ് ഉണ്ടായിരുന്ന 19,600 രൂപയിൽ 1,000 രൂപ മാത്രമാണ് 11.05.2023 ന് അടച്ചിട്ടുള്ളത്. ബാക്കി 18,600രൂപ വർഷാവസാനം ബാക്കി നിൽക്കുന്നുണ്ട്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350200204 | Recoveries Payable - National Pension Scheme | 50,623 | ഈ കണക്കിൽ മുന്നിരിപ്പുണ്ടായിരുന്ന 44,011 രൂപയുടെ വിശദവിവരങ്ങളും ഈ തുക അടച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | ഈ ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ മിക്ക മാസങ്ങളിലും അക്രൂവൽ രേഖപ്പെടുത്തുന്ന തുക ഭാഗികമായി മാത്രമേ അടക്കുന്നതായി കാണുന്നുള്ളൂ. ഉദാഹരണത്തിന് ഏപ്രിൽ, മെയ് 2023 മാസങ്ങളിലെ ഈയിനത്തിലെ അക്രൂവൽ ചെലവ് തുക 15,922 രൂപയാണെങ്കിലും മെയ്, ജൂൺ മാസങ്ങളിൽ ഒടുക്കിയ തുക 13,086 രൂപ വീതം മാത്രമാണ്. ഇതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350200299 | Recoveries Payable - Other Deductions | 3,767 | വിവിധ ജേണൽ വൗച്ചറുകൾ പ്രകാരം വരവു രേഖപ്പെടുത്തിയിട്ടുള്ള ഈ തുകകൾ എന്തിനത്തിലാണ് ലഭിച്ചത് എന്ന് മനസ്സിലാക്കാവുന്ന രീതിയിൽ നാരേഷൻ രേഖപ്പെടുത്തിയിട്ടില്ല. മുന്നിരിപ്പ് 24 രൂപയും തൻവർഷം 4,743 രൂപയുമടക്കം 4,767 രൂപയിൽ ആകെ 1,000 രൂപ മാത്രമാണ് 2023-24 ൽ അടച്ചത്. ബാക്കിയുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350300103 | Government And Other Dues Payable - VAT | 3,196 | ഇത് 2021 മുതലുള്ള മുന്നിരിപ്പ് തുകയാണ്. ഈ തുക സർക്കാരിലേക്ക് ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| 350300111 | Government And Other Dues Payable - Flood Cess | 7,260 | 2021 വരെ പിരിച്ചെടുത്ത തുകയാണ് ഈ കണക്കിൽ ഉള്ളത്. നാളിതു വരെ ഈ തുക യഥാസ്ഥാനത്ത് ഒടുക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല. |
| 350300112 | Government And Other Dues Payable - Value Of Court Fee Stamp | 4,415 | കോർട്ട്ഫീ സ്റ്റാമ്പ് വിൽപ്പന വരവ് നാളിതു വരെ സർക്കാരിലേക്ക് അടച്ചിട്ടില്ല. |
| 350300199 | Government And Other Dues Payable - Others | 1,010 | ഇത് 2021 മുതലുള്ള മുന്നിരിപ്പ് തുകയാണ്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350400103 | Refunds Payable – Profession Tax Employees | 1,500 | ഈ തുക 2021 മുതൽ നീക്കിയിരിപ്പായുള്ള തുകയാണ്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല, ഈ തുകകൾ യഥാസ്ഥാനങ്ങളിൽ ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350400701 | Refunds Payable – Deposit Works | 10,753 | ഈ തുക 2021 മുതൽ നീക്കിയിരിപ്പായുള്ള തുകയാണ്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല, ഈ തുകകൾ യഥാസ്ഥാനങ്ങളിൽ ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350400999 | Refund Of Unutilised Grants - Prior Period | 1,56,957 | ഈ കണക്കിൽ 2022 മുതൽ മുന്നിരിപ്പായുള്ള 1,42,231 രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ, Project No 132/21 - Computer To CEC Badiadka - Refunded Amount From KELTRON |

| | | | |
|---|---|---|---|
| | | | Remitted By Head Master എന്ന നാരേഷനോടു കൂടി 31.03.2023 ന് രേഖപ്പെടുത്തിയ 14,276 രൂപ നാളിതു വരെ സർക്കാരിലേക്ക് ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350800101 | Liability In Respect Of Stale Cheques | 1,51,219 | 31.03.2022 ലെ ഈ കണക്കിലെ നീക്കിയിരിപ്പ് 52,775 രൂപയാണ്. തുടർന്ന് നാളിതു വരെ 98,444 രൂപയുടെ ചെക്കുകൾ ഈ കണക്കിൽ പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു ചെക്കു പോലും ഈ കണക്കിൽ നിന്നും റീ ഇഷ്യൂ ചെയ്തതായി കാണിച്ചിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പുള്ള 1,51,219 രൂപയുടെ ചെക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350800199 | Other Creditors | 22,576 | ഈ തുക 2021 മുതലുള്ള ക്യാരി ഓവർ തുകയാണ്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

## 1-1-12 ഷെഡ്യൂൾ B-18- അഡ്വാൻസുകൾ/ ഡെപ്പോസിറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1) 31.03.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 1,18,97,975 രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ, അഡ്വാൻസ് രജിസ്റ്ററിൽ നീക്കിയിരിപ്പുള്ള അഡ്വാൻസുകളുടെ വിശദ വിവരങ്ങൾ (അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശ്യം) രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.

2) ചുവടെ ചേർത്ത അഡ്വാൻസുകളുടെ നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| | | | |
|---|---|---|---|
| 460100199 | Other Advances | 2,16,583 | ഈ തുക 2021 മുതലുള്ള ക്യാരി ഓവർ തുകയാണ്. ഈ |

| | | | |
|---|---|---|---|
| | | | നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 460500202 | Advance To Implementing Agencies - Deposit With Kerala Electricity Board | 16,99,851 | ഈ നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

## 1-1-13 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും ഉറപ്പു വരുത്താനായിട്ടില്ല.

## 1-1-14 തൊഴിലുറപ്പ് പദ്ധതിയുടെ കണക്കുകളിൽ പിശക്

2023-24 വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4,41,106 |
| വരവ്<br>ബാങ്ക് അക്കൗണ്ടിൽ- 22,23,857<br>അക്കൗണ്ടുകളിലേക്ക് FTO ചെയ്ത തുക- 3,90,90,651 | 4,13,14,508 |
| ആകെ | 4,17,55,614 |
| ചെലവ്<br>അഡ്മിൻ ചെലവ്- 26,64,858<br>അക്കൗണ്ടുകളിലേക്ക് FTO ചെയ്ത തുക- 3,90,90,651 | 4,17,55,509 |
| നീക്കിയിരിപ്പ് | 105 |

എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ആകെ ചെലവ് 4,17,22,502രൂപയാണ്. (റവന്യൂ ഗ്രാന്റ്- 4,03,91,873 + ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- 13,30,629). കണക്കുകളിൽ 33,007 രൂപയുടെ പൊരുത്തക്കേട് ഉണ്ട്. ആയത് വിശദീകരിച്ചിട്ടില്ല.

## 1-1-15 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്- കണക്കുകളിൽ പിശക്

412010101-Capital Work In Progress എന്ന ഹെഡിൽ 31.03.2024 ൽ നീക്കിയിരിപ്പ് ഇല്ല. എന്നാൽ പ്രോജക്ട് നം. 123 പ്രകാരം ചാലക്കോട് വളകുഞ്ഞെ വലിയ കൾവർട്ട് പാലം എന്ന പ്രവൃത്തിക്ക് റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും നൽകിയ 5,16,908 രൂപയുടെ പാർട്ട് ബില്ല് ഈ കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-16 ലോണിനുള്ള ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ വായ്പാ ബാദ്ധ്യതയായി രേഖപ്പെടുത്തി

ലൈഫ് ഭവനപദ്ധതിയിലെ വായ്പാ തുക കൈകാര്യം ചെയ്യുന്നതിനുള്ള ബാങ്ക് അക്കൗണ്ടിൽ (കാനറാ ബാങ്ക്- 4929) 2023-24 വർഷം ലഭിച്ച പലിശ 13,331 രൂപ പലിശവരുമാനമായി രേഖപ്പെടുത്താതെ വായ്പാ ബാദ്ധ്യതയായി രേഖപ്പെടുത്തിയതിനാൽ വായ്പാ ബാദ്ധ്യതയുടെ നീക്കിയിരിപ്പിൽ 13,331 രൂപ അധികമായി കാണുന്നു.

## 1-1-17 വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല.-

31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം 330500201-Secured Loan From KRDFC എന്ന ഹെഡിലെ നീക്കിയിരിപ്പ് 4,04,53,243 രൂപയാണ്. എന്നാൽ തത്തുല്ല്യമാവേണ്ടിയിരുന്ന 440500101-Prepaid Programme Expenses എന്ന ഹെഡിലെ നീക്കിയിരിപ്പ് 4,04,09,912 രൂപയാണ്. 43,331 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-1-18 സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

സംയുക്ത പദ്ധതികൾക്കായുള്ള കോൺട്രിബ്യൂഷനുകൾ കൈകാര്യം ചെയ്യുന്ന ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ട്- 2162 ൽ 31.03.2024 ലെ നീക്കിയിരിപ്പ് 18,750 രൂപയാണ്. ഈ അക്കൗണ്ടിൽ നിന്ന് വർഷാവസാനം 1,47,10,614 രൂപ സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്. ഈ തുക തിരികെ ലഭിച്ചാൽ അക്കൗണ്ടിലെ നീക്കിയിരിപ്പ് 1,47,29,364 രൂപയാവും. എന്നാൽ 31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം സംയുക്ത പദ്ധതികൾക്ക് ലഭിച്ച കോൺട്രിബ്യൂഷനുകളിൽ നീക്കിയിരിപ്പുള്ളത് ചുവടെ ചേർത്ത പ്രകാരം 45,74,856 രൂപ മാത്രമാണ്.

| | | |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 68,638.00 |
| 320700105 | Contributions For Joint Venture Projects (For Capital Expenditure) - From District Panchayats | 1,623,450.00 |
| 320700204 | Contributions For Joint Venture Projects (For Revenue Expenditure) - From Block Panchayats | 393,150.00 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 714,618.00 |
| 320700405 | Contributions For Other Specific Purposes (For Revenue Expenditure)- From District Panchayats | 1,775,000.00 |
| | Total | 45,74,856 |

ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ ബാക്കി തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**1-1-19 ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ട്- 2162 ലെ ഇടപാടുകൾ അക്കൗണ്ട് ചെയ്തിട്ടില്ല.**

ഈ അക്കൗണ്ടിൽ നിന്നും 2022-23 വർഷാവസാനം സർക്കാർ തിരിച്ചെടുത്ത തുക 1,47,10,614 രൂപ 2023-24 ൽ സർക്കാർ തിരികെ നിക്ഷേപിക്കുകയും 2023-24 വർഷാവസാനം ഇതേ തുക വീണ്ടും തിരികെ എടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഇടപാടുകൾ അക്കൗണ്ട് ചെയ്തിട്ടില്ല.

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തീയതി | 1/ 18.03.2023 | 1/ 14.02.2024 |
| മുന്നിരിപ്പ് | 4,31,16,376 | 4,46,22,749 |
| വരവ് | 40,05,40,000 | 32,40,98,835 |
| ആകെ | 44,36,56,376 | 36,87,21,584 |

| | | |
|---|---|---|
| ചെലവ് | 41,16,85,000 | 36,55,06,503 |
| നീക്കിയിരിപ്പ് | 3,19,71,376 | 32,15,081 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2023-24 |
| മുന്നിരിപ്പ് | 2,89,73,796 |
| വരവ് | 10,53,53,166 |
| ആകെ | 13,43,26,962 |
| ചെലവ് | 9,17,86,271 |
| നീക്കിയിരിപ്പ് | 4,25,40,691 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2023-24 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 18,50,39,706/- രൂപയും ചെലവ് 16,99,92,096/- രൂപയുമാണ്
.

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,30,93,730 | 2,30,93,730 | 2,06,44,111 | | 24,49,619 |
| വികസനഫണ്ട് എസ്.സി.എസ്.പി. | 0 | 83,00,000 | 83,00,000 | 67,42,770 | | 15,57,230 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 67,91,000 | 67,91,000 | 53,17,538 | | 14,73,462 |

| | | | | | | | |
|---|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് (Untied) | ബാങ്ക് | 9,13,729 | 40,94,279 (പലിശ 2,31,279 രൂപ അടക്കം) | 50,08,008 | 32,57,886 | 17,50,122 | |
| | ട്രഷറി | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied ) | ബാങ്ക് | 73,83,433 | 28,97,000 | 1,02,80,433 | 62,73,463 | 40,06,970 | |
| | ട്രഷറി | 0 | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് - റോഡ് | | 0 | 1,92,29,350 | 1,92,29,350 | 40,01,530 | | 1,52,27,820 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | | 0 | 76,96,000 | 76,96,000 | 58,90,772 | | 18,05,228 |
| വിവിധ പെൻഷനുകൾ | | 0 | 4,69,53,300 | 4,69,53,300 | 4,69,53,300 | 0 | |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | | 4,61,788 | 18,08,384 | 22,70,172 | 18,08,384 | 4,61,788 | |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | | 41,13,068 | 3,50,000 | 44,63,068 | 3,50,000 | 41,13,068 | |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | | | |
| തൊഴിലുറപ്പ് പദ്ധതി | | 4,41,106 | 22,23,857 | 26,64,963 | 26,64,858 | 105 | |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | | 59,42,869 | 38,91,926 | 98,34,795 | 18,42,513 | 79,92,282 | |
| ടോട്ടൽ സാനിറ്റേഷൻ | | 15,02,703 | 0 | 15,02,703 | 0 | 15,02,703 | |
| 320100202 ഹെൽത്ത് ഗ്രാന്റ്- Diagnostic Infrastructure | | 4,40,940 | 11,05,033 | 15,45,973 | 12,05,270 | 3,40,703 | |

| | | | | | | |
|---|---|---|---|---|---|---|
| 320100204 ഹെൽത്ത് ഗ്രാന്റ് -Conversion Of PHCs Tp HWCs | 3,15,486 | 4,55,709 | 7,71,195 | 4,47,910 | 3,23,285 | |
| 320100203 ഹെൽത്ത് ഗ്രാന്റ് -Building | 0 | 28,05,500 | 28,05,500 | 0 | 28,05,500 | |
| National Health Mission | 4,50,000 | 0 | 4,50,000 | 0 | 4,50,000 | |
| 320200103- Total Sanitation | 0 | 7,70,155 | 7,70,155 | 0 | 7,70,155 | |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | | |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 7,10,011 | 1,50,00,000 | 1,57,10,011 | 1,50,00,000 | 7,10,011 | |
| ശുചിത്വ മിഷൻ | 5,07,307 | 0 | 5,07,307 | 4,45,000 | 62,307 | |
| സാക്ഷരത | 0 | 12,835 | 12,835 | 12,835 | 0 | |
| മറ്റുള്ളവ | | | | | | |
| ഗുണഭോക്തൃ വിഹിതം | 2,79,822 | 83,585 | 3,63,407 | 2,58,120 | 1,05,287 | |
| വാതിൽപ്പടി സേവനം | 277 | 339 | 616 | 386 | 230 | |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 55,93,628/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. 2022-23 വർഷം ഡിമാന്റ് ചെയ്ത തനതു ഫണ്ടിന്റെ 90% കളക്ട് ചെയ്യാൻ സാധിക്കാത്തതിനാൽ 2023-24 വർഷത്തെ ജനറൽ വിഭാഗം വികസന ഫണ്ട് വിഹിതത്തിൽ നിന്നും സർക്കാർ ഉത്തരവ് (കൈ)നം. 179/2022/ധന, തിയതി പ്രകാരം 1 % തുക (2,33,270 രൂപ) കുറവ് ചെയ്തിട്ടുണ്ട്.

2) വികസനഫണ്ട്-എസ്.സി.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 21,64,748/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 6,12,743/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവു വന്ന പലിശ 2,31,279 രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

5) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 1,57,23,000 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ പർപ്പസ് അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ട്രഷറി അക്കൗണ്ടിൽ നിന്നും 31.03.2024 ന് 2,96,72.553 രൂപ സർക്കാർ റിസംപ്ഷൻ നടത്തിയിട്ടുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് 0 രൂപയാണ്.

6) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവ് മാത്രമാണ് മേൽ കണക്കിൽ പെടുത്തിയിട്ടുള്ളത്. അതു കൂടാതെ 3,90,90,651രൂപ വേതനമിനത്തിലും സാമഗ്രികളുടെ വിലയിനത്തിലും തൊഴിലാളികളുടെയും സപ്ലൈയർമാരുടെയും അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയിട്ടുണ്ട്.

7) ഫണ്ടുകളുടെ വിനിയോഗം-

വികസന ഫണ്ട് പൊതു വിഭാഗം ഇനത്തിലെ ചെലവ് 89 ശതമാനമാണ്. എസ്.സി.പി യിലും ടി.എസ്.പിയിലും ചെലവ് യഥാക്രമം 81%, 78% എന്നിങ്ങനെയാണ്. റോഡ് മെയിന്റനൻസ് ഫണ്ടിലെ ചെലവ് വളരെ തുച്ഛമാണ്. 21% മാത്രമേ ഈ ഫണ്ടിൽ നിന്നും ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഈ ഫണ്ടിൽ നിന്നും 1,52,27,820 രൂപ പഞ്ചായത്ത് വിനിയോഗിക്കാതെ നഷ്ടപ്പെടുത്തി. നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 77% ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. മേൽ വിവരിച്ച എല്ലാ ഫണ്ടുകളിൽ നിന്നുമായി 2,25,13,359 രൂപ തൻവർഷം ലാപ്സായി എന്നത് കാര്യക്ഷമമല്ലാത്ത പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളുടെ സൂചകങ്ങളാണ്. ഈ വിഷയം പഞ്ചായത്ത് ഗൗരവകരമായി ചർച്ച ചെയ്ത് തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഖണ്ഡിക 1-5 ലെ വിവരങ്ങളുമായി ഈ വിഷയം കൂട്ടിവായിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 269 | 19,39,88,960 | 131 | 8,82,02,931 | O | 138 | 48.70 |

ബി) നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ | 2023-24 വർഷം നടപ്പാക്കിയ | ചെലവ് ശതമാ |
|---|---|---|---|---|

| | | പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | പദ്ധതികളുടെ വിവരം | | നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 41 | 27271438 | 11 | 18637991 | 68.34 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 35 | 9155202 | 16 | 2992377 | 32.68 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 116 | 40576518 | 45 | 11093784 | 27.34 |
| 4 | കൃഷി ഓഫീസർ | 10 | 6341840 | 9 | 4124417 | 65.04 |
| 5 | വെറ്റിനറി സർജ്ജൻ | 7 | 2789886 | 7 | 1398077 | 50.11 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 86838112 | 15 | 34851222 | 40.13 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 10819430 | 8 | 8523401 | 78.78 |
| 8 | പ്രധാനധ്യാപകൻ | 8 | 3425000 | 5 | 1699774 | 49.63 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 1604376 | 3 | 1218235 | 75.93 |
| 10 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 8 | 4055158 | 7 | 2601977 | 64.16 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 260000 | 3 | 229676 | 88.34 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 800000 | 1 | 800000 | 100 |
| 13 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 52000 | 1 | 32000 | 61.54 |
| | ആകെ | 269 | 193988960 | 131 | 88202931 | 45.47 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 441106 | 2223857 | 2664963 | 2664858 | 105 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 39090651 | 39090651 | 39090651 | 0 |
| ആകെ | 441106 | 41314508 | 41755614 | 41755509 | 105 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2023-24 വർഷം 1990 എണ്ണം പദ്ധതികളുൾപ്പെടുന്ന 49,23,41,000/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷ 199പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 1,11,605 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 582കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷൻ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 12,48,400/- | 102 |
| വിധവാപെൻഷൻ | 1,59,75,100/- | 1530 |
| വാർദ്ധക്യകാലപെൻഷൻ | 2,47,69,600/- | 2399 |
| വികലാംഗപെൻഷൻ | 44,77,000/- | 405 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ | 4,83,200/- | 44 |

| | | |
|---|---|---|
| പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | | |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.10.2024 തീയതിയിൽ 11.55 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 6,374/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ജീവനക്കാരുടെ കുറവ് ഓഫീസ് പ്രവർത്തനത്തെ ബാധിക്കുന്നു-

ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ അനുവദിക്കപ്പെട്ട തസ്തികകൾ താഴെ പറയും പ്രകാരമാണ്-

| | |
|---|---|
| സെക്രട്ടറി | 1 |
| അസിസ്റ്റന്റ് സെക്രട്ടറി | 1 |
| ഹെഡ് ക്ലാർക്ക് | 1 |
| അക്കൗണ്ടന്റ് | 1 |
| സീനിയർ ക്ലാർക്ക് | 3 |
| ക്ലാർക്ക് | 4 |
| ഓഫീസ് അറ്റന്റന്റ് | 2 |
| ഡ്രൈവർ | 1 |

2023-24 വർഷം 8 മാസക്കാലം അക്കൗണ്ടന്റ് തസ്തിക ഒഴിഞ്ഞു കിടന്നതായി മനസ്സിലാക്കുന്നു. 2 സീനിയർ ക്ലാർക്കുമാരുടെ തസ്തികയും 2023-24 ലെ ഭൂരിഭാഗം സമയത്തും ഒഴിവായിരുന്നു. ഒരു കന്നട മലയാളം ക്ലാർക്കിന്റെ തസ്തിക വർഷങ്ങളായി ഒഴിഞ്ഞു കിടക്കുകയാണ്. ഓഡിറ്റ് നടക്കുന്ന സമയത്ത് അസിസ്റ്റന്റ് സെക്രട്ടറി, അക്കൗണ്ടന്റ്, 2 സീനിയർ ക്ലാർക്കുമാർ, ഒരു ക്ലാർക്ക് എന്നീ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ജീവനക്കാരുടെ അഭാവം പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളെയും സേവന

പ്രദാനത്തെയും ബാധിച്ചിട്ടുണ്ട്. ജീവനക്കാരുടെ അഭാവം കണക്കു സൂക്ഷിപ്പ്, പദ്ധതി പ്രവർത്തനം/ഫണ്ട് വിനിയോഗം തുടങ്ങി ഈ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകങ്ങളിലേക്ക് വഴിവച്ചിട്ടുണ്ട്. ഇക്കാര്യം തദ്ദേശ സ്വയംഭരണ വകുപ്പ്, കാസറഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) ജീവനക്കാരുടെ ഇടയിൽ ജോലി വിഭജനം നടത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചത് ഹാജരാക്കിയിട്ടില്ല. തുടർന്ന് 30.04.2022 മുതൽ സന്ദർഭങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ഉപ ഉത്തരവുകളിലൂടെ കൂട്ടിച്ചേർക്കലുകളും നടത്തിയതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സമഗ്രമേഖലകളും ഉൾപ്പെടുത്തി വിശദമായ പുതുക്കിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പൂർണമായും ഐ.എൽ.ജി.എം.എസ് സംവിധാനത്തിലാണ് ഫയൽ നീക്കങ്ങൾ നടക്കുന്നത്. ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും 10.10.2024 ലെ സ്ഥിതിയനുസരിച്ച് 72 ഫയലുകൾ പെന്റിംഗ് ആയും 351ഫയലുകൾ കാലതാമസം വന്നവ എന്ന കണക്കിലും ഉണ്ട്. ഫയലുകളിൽ കാലതാമസം വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. 89 ഫയലുകൾ പാർക്ക് ചെയ്തിട്ടുണ്ട്. പാർക്ക് ചെയ്ത ഫയലുകളിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്,

4) അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

## 5) വിവിധ കമ്മിറ്റികൾ

പഞ്ചായത്ത് കമ്മിറ്റിയുടെ മീറ്റിംഗുകളുടെ മിനിട്ട്സ് പൂർണമായും സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കി വരുന്നത്. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിട്ട്സ് 2024 ജനുവരി മുതൽ സകർമ സോഫ്റ്റ് വെയറിൽ തയ്യാറാക്കിത്തുടങ്ങിയിട്ടുണ്ട്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും ചേർന്ന് 2024 ൽ നാളിതു വരെ 42

യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും സകർമയിൽ മിനിട്ട്സ് പൂർത്തിയാക്കിയിട്ടുള്ളത് കേവലം 20 യോഗങ്ങളുടെ മാത്രമാണ്. ഒരു യോഗം റദ്ദു ചെയ്തിട്ടുണ്ട്. ബാക്കി 21 യോഗങ്ങളിൽ 10 എണ്ണത്തിന്റെ മിനിട്ട്സ് രേഖപ്പെടുത്തൽ ആരംഭിച്ചിട്ടില്ല. 11 യോഗങ്ങളുടെ മിനിട്ട്സ് അപൂർണമായി തുടരുകയുമാണ്. യോഗ നടപടികളുടെ മിനിട്ട്സ് എത്രയും വേഗം രേഖപ്പെടുത്തി അംഗീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വന്നിട്ടുള്ള കാലതാമസവും വീഴ്ചയും ഒഴിവാക്കേണ്ടതാണ്.

എ) പഞ്ചായത്ത് കമ്മിറ്റി

പഞ്ചായത്ത് കമ്മിറ്റി 2023-24 ൽ 31 യോഗങ്ങൾ ചേർന്നിട്ടുണ്ട്. 15 സാധാരണ യോഗങ്ങളും 16 അടിയന്തിര/ പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനിട്ടസ് സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. യോഗങ്ങളുടെ മിനിട്ട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി അയക്കുന്നതിൽ ചിലപ്പോഴൊക്കെ വലിയ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുകയുണ്ടായി. ഉദാഹരണത്തിന് 28/04/2023 ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി സെക്രട്ടറി അയച്ചതും പ്രസിഡണ്ട് അംഗീകരിച്ചതും 15.07.2023 ന് മാത്രമാണ്. ഇത്തരത്തിൽ 16.01.2024, 03.02.2024, 18.03.2024 എന്നീ തിയതികളിൽ ചേർന്ന യോഗങ്ങളുടെ മിനുട്ട്സും അദ്ധ്യക്ഷൻ അംഗീകരിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. യോഗങ്ങളുടെ അടുത്ത ദിവസം തന്നെ മിനിട്ട്സ് പൂർത്തിയാക്കി അദ്ധ്യക്ഷന്റെ അംഗീകാരം നേടേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച അവലോകനങ്ങൾ തുടർ യോഗങ്ങളിൽ നടത്തിയതായി മിനിട്ട്സിൽ കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

ബി) ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി-

ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി 2023-24 ൽ 15തവണ യോഗം ചേർന്നിട്ടുണ്ട്. ഇതിൽ 15.01.2024 ന് ചേർന്ന യോഗത്തിന്റെ മിനിട്ട്സ് നാളിതു വരെ സകർമയിൽ പൂർത്തിയാക്കിയതായി കാണുന്നില്ല. യോഗങ്ങളിൽ വരവു ചെലവു കണക്കുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ നികുതി നിർദ്ദേശങ്ങളോ പുതിയ നികുതി മേഖലകളോ യോഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. നികുതി പുതുക്കൽ, നികുതി പിരിവ്, വരുമാനം സംബന്ധിച്ച മറ്റു വിഷയങ്ങൾ എന്നിവ സംബന്ധിച്ച ചർച്ചകൾ നടത്തി ശുപാർശകൾ ഭരണ സമിതിക്ക് നൽകിയതായി കാണുന്നില്ല.

സി) വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2023-24ൽ 12 തവണയാണ് യോഗം ചേർന്നത്. പുതിയ പ്രോജക്ട് നിർദേശങ്ങളും പ്രോജക്ട് ഭേദഗതി ചർച്ചകളും യോഗങ്ങളിൽ നടന്നിട്ടുണ്ട്. യോഗങ്ങളുടെ മിനിട്ട്സ് ചുരുക്കിയാണ് എഴുതിയിട്ടുള്ളത്. പ്രോജക്ടുകളുടെ രൂപീകരണ ഭേദഗതി വിശദാംശങ്ങൾ വിശദമായി മിനിട്ട്സ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡി) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 16 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളുടെ മിനിട്ട്സ് ചുരുക്കിയാണ് എഴുതിയിട്ടുള്ളത്. പെൻഷൻ അപേക്ഷകൾ ലഭിച്ചത്, അവയിന്മേലുള്ള തീരുമാനം, നിരസിച്ച പെൻഷൻ അപേക്ഷകൾ, നിരസിക്കാനുള്ള കാരണങ്ങൾ, അംഗീകരിച്ച പെൻഷൻ അപേക്ഷകൾ എന്നിങ്ങനെ മിനിട്ട്സ് വിശദവും വ്യക്തവുമായി എഴുതേണ്ടതാണ്. മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനനുസരിച്ച് പെൻഷനുകൾ റദ്ദാക്കാൻ ഉള്ള തീരുമാനങ്ങൾ കമ്മിറ്റി എടുത്തതായി കാണുന്നില്ല. ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

ഇ) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 2023-24ൽ 12 തവണയാണ് യോഗം ചേർന്നത്. യോഗങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ പ്രശ്നങ്ങൾ, പകർച്ച വ്യാധികൾ, പ്ലാസ്റ്റിക് നിരോധനം, തെരുവ് നായ ശല്യം, മാലിന്യ പ്രശ്നങ്ങൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ഹരിത കർമ സേനയുടെ പ്രവർത്തനം തുടങ്ങി ആരോഗ്യത്തെയും വിദ്യാഭ്യാസത്തെയും കുറിച്ചുള്ള പലവിധ വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

6) ഓഫീസ് മീറ്റിംഗ് –

ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 2023 ജുലൈ, സെപ്റ്റംബർ, 2024 മാർച്ച് എന്നീ മാസങ്ങളിൽ ഒഴികെ ബാക്കി എല്ലാ മാസവും ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. ഓഫീസ് മീറ്റിംഗ് മിനിട്ട്സ് ക്ലോസ് ചെയ്തതായി കാണുന്നില്ല.

7) പ്രൊക്യൂർമെന്റ് കമ്മിറ്റി-

പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 2 യോഗങ്ങൾ ചേർന്നിരുന്നു. 2 യോഗങ്ങളുടെയും മിനിട്ട്സ് ക്ലോസ് ചെയ്തിട്ടില്ല. മിനിട്ട്സ് ബുക്കിൽ ഇടയിലുള്ള പേജുകൾ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു.

കൂടാതെ, തിയതി രേഖപ്പെടുത്താത്ത, അസിസ്റ്റന്റ് സെക്രട്ടറി മാത്രം ഒപ്പിട്ടിട്ടുള്ള ഒരു യോഗത്തിന്റെ മിനിട്ട്സ് കൂടി രേഖപ്പെടുത്തിക്കാണുന്നു. മിനിട്ട്സ് പരിശോധിച്ചതിൽ, പ്രോക്യുയർമെന്റ് കമ്മിറ്റിയുടെ 2023-24 വർഷത്തെ പ്രവർത്തനം ഫലപ്രദമായിരുന്നു എന്ന് വിലയിരുത്താനാവില്ല. പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായുള്ള എല്ലാ വാങ്ങലുകളിലും ഫലപ്രദമായി ഇടപെടാവുന്ന രീതിയിൽ പ്രോക്യുയർമെന്റ് കമ്മിറ്റി പുനസംഘടിപ്പിക്കേണ്ടതാണ്.

8) നികുതി പിരിവിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വെക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന ചെലവ് വർദ്ധിക്കുന്നതനുസരിച്ച് പ്രധാന നികുതി വരുമാന ഇനങ്ങളിൽ തദനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും, നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിക്കാൻ/പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചാൽ തനത് നികുതി വരുമാന വർദ്ധനവിന് സഹായകരമായിരിക്കും .

9) കെട്ടിടനിർമ്മാണം, മാലിന്യസംസ്ക്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവ്വഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

10) 1998-99 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

11) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

12) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും വിവരങ്ങൾ ക്യാരി ഓവർ ചെയ്ത് കാലികമാക്കേണ്ടതുമാണ്. തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുത ചാർജ്ജ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ

പരിഷ്കരിക്കുവാനും, കാലാനുസൃതമായ മാറ്റങ്ങൾ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുപോലെ പൊതു ടാപ്പുകളുടെ കണക്കും സംയുക്ത പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ്.

13) സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024-ലെ ഡി.കെ.എസ്.എ.471/ സി.എ.ആർ.3/2024 നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ:കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയം സംബന്ധിച്ച് നടത്തിയ പരിശോധന പ്രകാരം, ബേഡഡുക്ക ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേനയുമായും മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് തയാറാക്കിയ അവലോകനം താഴെ ചേർക്കുന്നു.

15.07.2017 ലെ സ.ഉ(സാധാ) നം.2420/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും, 02.08.2020 ലെ സ.ഉ(സാധാ) നം.1496/2020/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മ സേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. 12.02.2019 ലെ സ.ഉ(സാധാ) നം. 306/2019/തസ്വഭവ തിയതി പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

**I ഹരിതകർമ്മസേന.**

**1) അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| വാർഡുകളുടെ എണ്ണം | 19 |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 34207 |
| പഞ്ചായത്തിലെ ആൾ താമസമുള്ള ആകെ വീടുകൾ | 9120 |
| പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ | 1050 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 40 |

19 വാർഡുകളിലായി നിലവിൽ 40 അംഗങ്ങളാണുള്ളത്. മാലിന്യമുക്ത നവകേരള പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പഞ്ചായത്താക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വഴി സാധിക്കുന്നുണ്ട്. പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ അംഗീകരിച്ചതിലൂടെയും ഹരിതമിത്രം ആപ്ലിക്കേഷൻ നടപ്പിലാക്കിയതിലൂടെയും ഗ്രാമപഞ്ചായത്തിലെ എല്ലാ ഭവനങ്ങളേയും സ്ഥാപനങ്ങളേയും ഹരിത കർമ്മസേനക്കു കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് 50രൂപയും സ്ഥാപനങ്ങളിൽ നിന്നും 100 രൂപയും യൂസർ ഫീ ആയി മാലിന്യം ശേഖരിക്കുന്നതിന് ഈടാക്കുന്നുണ്ട്.

**2) മാലിന്യശേഖരണ കാര്യക്ഷമത**

17 ◌ാം വാർഡിൽ മാന്യ എന്ന സ്ഥലത്താണ് MCFപ്രവർത്തിക്കുന്നത്. ഇത് കൂടാതെ 22 മിനി MCF ഉം 1 ബോട്ടിൽ ബൂത്തും സ്ഥാപിച്ചിട്ടുണ്ട്. മാലിന്യ ശേഖരണ കലണ്ടറിൽ ഷെഡ്യൂൾ ചെയ്തത് പ്രകാരം ഓരോ വീട്ടിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാസത്തിൽ ഒരു തവണ എന്ന രീതിയിൽ ഹരിത കർമ്മസേനാ അംഗങ്ങൾ മാലിന്യം ശേഖരിച്ചുവരുന്നുണ്ട്. ജനങ്ങളുടെ സൗകര്യാർത്ഥം ചില വാർഡുകളിൽ വാട്ട്സ് ആപ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും അതുവഴി ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണം സംബന്ധിച്ച് അറിയിപ്പ് നൽകുകയും ചെയ്യുന്നു. എല്ലാ ഗ്രാമ സഭകളിലും അജൈവ പാഴ്വസ്തു പരിപാലനം അജണ്ടയായി ഉൾകൊള്ളിച്ച് കൊണ്ട് പൊതുജനങ്ങളുടെ പിന്തുണ ആർജ്ജിക്കുന്നു. വീടുകളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ വണ്ടി വാടകയ്ക്കെടുത്ത് എം.സി.എഫിൽ എത്തിക്കുന്നു. നിലവിൽ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം വാങ്ങിയ KL14-AD-8817 മഹീന്ദ്ര വാഹനം ഉപയോഗിക്കുന്നുണ്ട്.

**II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF), റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)**

1) **അടിസ്ഥാന വിവരങ്ങൾ**

| | |
|---|---|
| 1) MCF/RRF സ്ഥിരം/താത്കാലികം | MCF-സ്ഥിരം-1 |

| | |
|---|---|
| 2) ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം | ഇല്ല |
| 3) അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | |
| 4) അവ പ്രയോജനപ്പെടുത്തുന്നുണ്ടോ | |
| 5) അവയ്ക്ക് അടിസ്ഥാന സൌകര്യങ്ങൾ ഉണ്ടോ (ട്രിപ്പിങ് ഏരിയ, സ്റ്റോറേജ് എരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി എന്നിവ) | അടിസ്ഥന സൗകര്യങ്ങൾ ഉണ്ട്. |
| 6) അവയിലേയ്ക്ക് റോഡ് ഗതാഗത സൌകര്യം ഉണ്ടോ | ഉണ്ട്. |
| 7) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ | ഇല്ല. |

2) **<u>മാലിന്യകൈമാറ്റ കാര്യക്ഷമത</u>**

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പാഴ്വസ്തുക്കൾ MCFലേക്ക് സമയബന്ധിതമായും കാര്യക്ഷമമായും ഹരിതകർമ്മസേന കൈമാറുന്നുണ്ട്. മാസത്തിൽ ഒരു തവണ വീടുകളിൽ നിന്നും ആഴ്ചയിൽ ഒരു തവണ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു.

3) **<u>മാലിന്യ സംഭരണ ശേഷി</u>**

| | | |
|---|---|---|
| 1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ് | ജൈവം - ഇല്ല<br>അജൈവം - 500 KG | |
| 2) MCFന്റെ ആകെ വിസ്തൃതി | MCF<br>1010 $M^2$ | RRF<br>ഇല്ല |
| A) ടിപ്പിംഗ് ഏരിയ | ഇല്ല<br>സ്റ്റോറേജ് ഏരിയ - 500 $M^2$<br>സോർട്ടിംഗ് ഏരിയ 500 M2 | ഇല്ല<br>ഇല്ല |
| B) സ്റ്റോറേജ് ഏരിയ | | |
| C) സോർട്ടിംഗ് ഏരിയ | | |
| D) മെഷിനറി ഏരിയ | | |
| E) കളക്ഷൻ ഏരിയ | | |

4) **വരവ് -ചെലവ് കണക്ക് 2023-24**

| ആകെ വരവ് | | ആകെ ചെലവ് | |
|---|---|---|---|
| യൂസർ ഫീ | 63,33,095/- | ഹരിതകർമ്മസേന ശമ്പളം | 58,99,786/- |
| സ്ക്രാപ്പ് വില്പന | - | പർച്ചേസ് | 2,810/- |
| ക്ലീൻ കേരള കമ്പനി/ മറ്റ് ഏജൻസി | 82,050/- | മറ്റ് ചെലവുകൾ | 1,38,701/- |
| ആകെ | 64,15,145/- | ആകെ | 60,41,297/- |

## മറ്റു വിവരങ്ങൾ

2021-22, 2022-23, 2023-24 വർഷങ്ങളിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

**2021-22 വർഷം**

| പ്രോജക്ട് നം & പേര് | | നിർവ്വഹണം | ചെലവ് |
|---|---|---|---|
| 139 | മാടത്തടുക്ക എസ്.ടി കോളനി ടോയ്‌ലറ്റ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,82,619/- |
| 166 | എം.സി.എഫിന് വെയിംഗ് മെഷീൻ വാങ്ങൽ | സെക്രട്ടറി | 9,912/- |
| 192 | ബദിയഡുക്ക പഞ്ചായത്ത് പബ്ലിക്ക് യോയ്‌ലറ്റ് പുനരുദ്ധാരണം | എ.ഇ (എൽ.എസ്.ജി.ഡി) | 2,95,918/- |
| 193 | ബദിയഡുക്ക പള്ളത്തടുക്ക എന്നിവിടങ്ങളിൽ മിനി എം.സി.എഫ് | എ.ഇ (എൽ.എസ്.ജി.ഡി) | 3,40,111/- |
| 201 | എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിക്കൽ | എ.ഇ (എൽ.എസ്.ജി.ഡി) | 5,82,617/- |
| 217 | സ്കൂളികൾക്ക് കംപോസ്റ്റ് പിറ്റ് | സെക്രട്ടറി | 32,000/- |

| | | | |
|---|---|---|---|
| 225 | അജൈവ മാലിന്യ സംഭരണ കേന്ദ്രം | എ.ഇ (എൽ.എസ്.ജി.ഡി) | 52,764/- |
| 232 | കിന്നിമാണി - പോലീസ് കോർട്ടേഴ്സ് സമീപം ഓവുചാൽ നിർമ്മാണം | എ.ഇ (എൽ.എസ്.ജി.ഡി) | 3,82,559/- |
| 242 | വിദ്യഗിരി സ്കൂളിൽ പെൺകുട്ടികൽക്കായി ബാത്ത് റൂം | എ.ഇ (എൽ.എസ്.ജി.ഡി) | 4,85,977/- |
| 275 | കിന്നിമാണി ടെംപിൾ പോലീസ് കോർട്ടേഴ്സ് റോഡ് ഡ്രെയിനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 3,96,950/- |
| 278 | നീർച്ചാൽ മാന്യ സീതാംഗോളി എന്നിവിടങ്ങളിൽ പബ്ലിക്ക് ടോയ്ലറ്റ് സ്ഥാപിക്കൽ | എ.ഇ (എൽ.എസ്.ജി.ഡി) | 5,83,809/- |
| 280 | ചെന്നാർകട്ട റോഡ് ഡ്രെയിനേജ് - സ്ലാബ് | എ.ഇ (എൽ.എസ്.ജി.ഡി) | 5,41,897/- |

## 2022-23 വർഷം

| പ്രോജക്റ്റ് നം & പേര് | | നിർവ്വഹണം | ചെലവ് |
|---|---|---|---|
| 105 | പള്ളത്തടുക്ക - ബേള - കിംഗാർ സ്കൂളിന് ഷീ ടോയ്ലറ്റ് | എ.ഇ (എൽ.എസ്.ജി.ഡി) | 11,63,408/- |
| 138 | കുടുപ്പംകുഴി മസ്ജിദ് ക്രോസ്സ് റോഡ് കൾവർട്ട് ഡ്രൈയിനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 2,01,143/- |
| 153 | അപ്പർ ബേള മോളെയർ ഡ്രൈയിനേജ് സ്ലാബ് | എ.ഇ (എൽ.എസ്.ജി.ഡി) | 2,69,543/- |
| 158 | എം.സി.എഫ് - അനുബന്ധ സൗകര്യങ്ങൾ | എ.ഇ (എൽ.എസ്.ജി.ഡി) | 3,78,378/- |
| 168 | ഹരിത കർമ്മ സേനയുടെ പ്രാഥമിക ചെലവ് (വയബിലിറ്റി ഗ്യാപ് ഫണ്ട്) | വി.ഇ.ഒ | 11,100/- |
| 173 | വീടുകൾക്ക് റിംഗ് കമ്പോസ്റ്റ് ബിൻ | വി.ഇ.ഒ | 13,63,500/- |

| | | | |
|---|---|---|---|
| 174 | ശുചിത്വം - ഐ.ഇ.സി ബോധവൽക്കരണ ബോർഡുകൾ സ്ഥാപിക്കൽ | വി.ഇ.ഒ | 1,20,000/- |
| 210 | കോരിക്കാർ കട്ടത്തബല്ലി റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,99,038/- |
| 211 | കാടമന പുളിയാടി റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,48,089/- |
| 213 | ബാലകുമേരി റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,42,172/- |
| 214 | കാടമന മാടത്തടുക്ക റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,99,282/- |
| 220 | ബാപ്പാലിപൊനം മസ്ജീദ് റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,93,627/- |
| 221 | പാർത്തിക്കാർ ദെയ്യന്തെരു റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,47,368/- |
| 224 | കോട്ട ചീമുള്ള് റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,46,123/- |
| 225 | ബാറടുക്ക ഹിദായത്ത് നഗർ ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,89,166/- |
| 338 | ഹരിതകർമ്മ സേന അനുബന്ധ പ്രവർത്തനങ്ങൾ | വി.ഇ.ഒ | 16,400/- |

**2023-24 വർഷം**

| പ്രോജക്റ്റ് നം & പേര് | | നിർവ്വഹണം | ചെലവ് |
|---|---|---|---|
| 9 | പകർച്ചവ്യാധി നിയന്ത്രണം | എം.ഒ (സി.എച്ച്.സി) | 1,83,152/- |
| 42 | ഹരിത കർമ സേന വാഹനം വാങ്ങൽ | സെക്രട്ടറി | 7,50,316/- |

| | | | |
|---|---|---|---|
| 43 | സ്മാർട്ട് ഗാർബേജ് ആപ്പ് | സെക്രട്ടറി | 2,04,900/- |
| 78 | ദേവരമെട്ടു കുണ്ടിക്കാന ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 2,89,454/- |
| 91 | എം.സി.എഫ് - അനുബന്ധ സൗകര്യങ്ങൾ | എ.ഇ (എൽ.എസ്.ജി.ഡി) | 3,78,378/- |
| 103 | കുഞ്ചാർ മസ്ജിദ് റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,44,033/- |
| 104 | മെനസിനപ്പാറെ മല്ലത്തെരു റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 2,97,643/- |
| 118 | ഉപ്ലേരി വോന്തിച്ചാൽ റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,44,759/- |
| 128 | പഞ്ചായത്ത് ടോയ്‌ലറ്റ് നവീകരണം | എ.ഇ (എൽ.എസ്.ജി.ഡി) | 39,785/- |
| 129 | എവിഞ്ച ബിർമിനടുക്ക റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,46,976/- |
| 136 | ബദിയടുക്ക ചെന്നാർക്കട്ട റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 1,40,624/- |
| 147 | ബീജന്തടുക്ക കനകപ്പാടി റോഡ് ഡ്രൈനേജ് | എ.ഇ (എൽ.എസ്.ജി.ഡി) | 2,83,796/- |
| 172 | ഹരിതകർമ്മ സേന അനുബന്ധ പ്രവർത്തനങ്ങൾ | വി.ഇ.ഒ | 1,72,925/- |
| 175 | വീടുകൾക്ക് റിംഗ് കമ്പോസ്റ്റ് ബിൻ | വി.ഇ.ഒ | 5,80,000/- |
| 252 | ഗ്രാമപഞ്ചായത്തിലെ സ്ഥിരമായി മാലിന്യ നിക്ഷേപമുള്ള സ്ഥലങ്ങളിലും എം.സി.എഫിലും ക്യാമറ സ്ഥാപിക്കൽ | അസിസ്റ്റന്റ് സെക്രട്ടറി | 1,58,000/- |

| | | | |
|---|---|---|---|
| 336 | പ്രീമെട്രിക്ക് ബോയ്സ് ഹോസ്റ്റലിലേക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ | എ.ഇ (എൽ.എസ്.ജി.ഡി) | 3,71,745/- |
| 367 | പൊതുസ്ഥലങ്ങളിലും സ്കൂളുകളിലും സാനിറ്ററി പാഡ് ഇൻസിനറേറ്റർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1,24,650/- |

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1) ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകളുടെ സൂക്ഷിപ്പ്, രജിസ്റ്ററുടെ പരിപാലനം എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിനായി ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതാണ്. യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിത കർമ്മ സേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) എം സി എഫിൽ ഫയർ ആന്റ് റസ്ക്യൂ-സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

3) എം.സി.എഫിൽ നിന്നും തരംതിരിച്ച് മാറ്റുന്ന അജൈവ മാലിന്യങ്ങൾ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ ശക്തമാക്കേണ്ടതാണ്.

4) അജൈവ മാലിന്യങ്ങൾ പുനരുപയോഗം നടത്തുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തേണ്ടതാണ്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ്, സ്ലെറി എന്നിവ കാർഷികാവശ്യത്തിന് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

5) ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

6) ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനമൊരുക്കേണ്ടതാണ്.

7) ഹരിത മിത്രം ആപ്പ് വഴി QRകോഡ് പതിപ്പിച്ചവർക്ക് നിലവിൽ അവർ അടച്ചതും അടക്കാൻ അവശേഷിക്കുന്നതുമായ വിവരങ്ങൾ മാത്രമാണ് അറിയാൻ കഴിയുന്നത്. വീടുകൾ/സ്ഥാപനങ്ങൾ എന്നിവക്ക് യൂസർഫീ അടക്കാനുള്ള സംവിധാനം കൊണ്ടുവരേണ്ടതാണ്.

8) ഓരോ മാസവും കൂടുന്ന റിവ്യൂ മിറ്റിംഗുകളിൽ മുൻമാസത്തെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

9) മാലിന്യം അനധികൃതമായി തള്ളുന്ന സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ക്യാമറ സംവിധാനങ്ങൾ, പോസ്റ്ററുകൾ എന്നിവ വയ്ക്കാവുന്നതാണ്. 2023-24 സാമ്പത്തിക വർഷം ഇതിനായി വിഭാവനം ചെയ്ത പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

10) മാലിന്യ സംസ്കരണ മേഖലയിൽ വി.ഇ.ഒ/മറ്റ് ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

കൃത്യമായ മോണിറ്ററിംഗിലൂടെയും തുടർ പ്രവർത്തനങ്ങളിലൂടെയും നിലവിലെ അവസ്ഥക്ക് പരിഹാരം കാണേണ്ടതാണ്. ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ചട്ടപ്രകാരമുള്ള പാർക്കിംഗ് സൗകര്യങ്ങൾ ഉറപ്പ് വരുത്താതെ കെട്ടിട നിർമ്മാണ പെർമ്മിറ്റ് അനുവദിച്ചു

| ഫയൽ നമ്പർ | SC3-152/11.01.2024 |
|---|---|
| അപേക്ഷകയുടെ പേര്, വിലാസം | ശ്രീമതി ആയിഷത്ത് നസിയ എം ബി, പള്ളിക്കണ്ടെ ഹൗസ്, പെർഡാല & ആയിഷത്ത് ഫൗസിയ, എതിർത്തോട് ഹൗസ്, എടനീർ |
| പ്ലോട്ടിന്റെ വിശദാംശങ്ങൾ | റീ സർവ്വേ നമ്പർ-737/2BPT3, 737/2BPT4, 737/2BPT5<br>പ്ലോട്ട് വിസ്തീർണ്ണം-790.66 M2 (19.50സെന്റ്) |
| കെട്ടിട ഗണം | കൊമേഷ്യൽ (F) |
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | 1187.18 M2 (നിർമ്മിത വിസ്തീർണ്ണം)<br>1103.48 M2 (തറ വിസ്തീർണ്ണം) |

| | |
|---|---|
| പെർമിറ്റ് നം. | SC3 BA-169003/2024 തീയ്യതി 20.05.2024 |

ഫയൽ നമ്പർ SC3-152/11.01.2024 പ്രകാരം ശ്രീമതി ആയിഷത്ത് നസിയ എം ബി, പള്ളിക്കണ്ട ഹൗസ്, പെർഡാല & ആയിഷത്ത് ഫൗസിയ, എതിർത്തോട് ഹൗസ്, എടനീർ എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ നീർച്ചാൽ വില്ലേജിൽ 737/2BPT3, 737/2BPT4, 737/2BPT5 റീ സർവ്വേ നമ്പറിലുള്ള 19.50സെന്റ് സ്ഥലത്ത് 1187.18 M2 വിസ്തീർണ്ണമുള്ള വാണിജ്യ ഗണത്തിൽ ഉൾപ്പെട്ട (ഗ്രൂപ്പ് എഫ്) കെട്ടിടത്തിനു നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമ അപേക്ഷയോടൊപ്പം സമർപ്പിച്ച പാർക്കിംഗ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള കാർ പാർക്കിംഗ്, ടൂവീലർ പാർക്കിംഗ് സൗകര്യങ്ങളിൽ ചില അപാകതകൾ കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ ഇനി പറയുന്നു.

1) 2019 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണം) ചട്ടങ്ങളിലെ ചട്ടം 29(3), പട്ടിക 10 പ്രകാരം വാണിജ്യ (ഗ്രൂപ്പ് എഫ്) ഗണത്തിൽപ്പെട്ട 1260 M2 വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് ഓരോ 90 M2 തറ വിസ്തീർണ്ണത്തിനും ഒരു കാർ പാർക്ക് ചെയ്യാനുള്ള സ്ഥലം (5.5 X 2.7 =14.85 M2) എന്ന കണക്കിൽ പാർക്കിംഗ് സൗകര്യങ്ങൾ പ്ലോട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്. ആയതു പ്രകാരം 1103.48/90=12.26, റൗണ്ട് ചെയ്താൽ 13 എണ്ണം കാറുകൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥലം പ്ലോട്ടിൽ ലഭ്യമാക്കേണ്ടതുണ്ട്. കെട്ടിട ഉടമ സമർപ്പിച്ച പാർക്കിംഗ് പ്ലാനിൽ 13 കാറുകൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥലം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചട്ടം 29(8) പ്രകാരം വാഹനങ്ങൾക്ക് തിരിക്കാനും സുഗമമായി കടന്നുപോകാനുമുള്ള സ്ഥലം ഉള്ള പക്ഷം കെട്ടിടങ്ങൾക്ക് ചുറ്റും ഒഴിച്ചിടേണ്ട തുറന്ന സ്ഥലത്തിന്റെ പരമാവധി 50% വരെ പാർക്കിംഗിന് എടുക്കാവുന്നതാണ്. എന്നാൽ ആയത് പാലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പാർക്കിംഗ് പ്ലാനിൽ രേഖപ്പെടുത്തിയത് പ്രകാരമുള്ള 13 കാറുകളുടെ പാർക്കിംഗ് പ്രായോഗികമല്ല.

2) ചട്ടം 29(4) പ്രകാരം ഒരു തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിനാവശ്യമായ സൗകര്യത്തോട് കൂടിയായിരിക്കണം ഓരോ തെരുവ് വിട്ടുള്ള പാർക്കിംഗ് സ്ഥലവും വ്യവസ്ഥ ചെയ്യേണ്ടത്. കൂടാതെ ഡ്രൈവിംഗിനുള്ള സ്ഥലവും ഇടനാഴിയും വാഹനങ്ങൾ തിരിക്കാനുള്ള സ്ഥലവും ഒരുക്കേണ്ടതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള സൗകര്യങ്ങൾ പ്ലോട്ടിൽ ലഭ്യമല്ല.

3) ചട്ടം 29(5) പ്രകാരം ഇരുചക്ര വാഹനങ്ങൾക്കായി കാർ പാർക്കിംഗിനുള്ള സ്ഥലത്തിന്റെ 25% ലഭ്യമാക്കേണ്ടതുണ്ട്. ആയത് പ്രകാരം 13x14.85x25/100= 49m2 ഏരിയ ഇരു ചക്രവാഹനങ്ങളുടെ പാർക്കിംഗിനായി ഒരുക്കേണ്ടതുണ്ട്. ഉടമ സമർപ്പിച്ച പ്ലാനിൽ പ്രസ്തുത പാർക്കിംഗ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ചട്ടം 29(4) പാലിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആയത് പര്യാപ്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 28/10.10.2024.

**1-12 എഫ് ടി ഇ &ഒ എസ് ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.**

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസ്സിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ, സ്വകാര്യമായോ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1എ), 1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2023-24 കാലയളവിൽ എഫ് ടി ഇ & ഒ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല.

| ക്രമ നം. | ലൈസൻസ് നം. | വാർഡ്/ കെട്ടിട നം. | സ്ഥാപന ഉടമയുടെ പേര് | സംരംഭം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | 112/2023-24 | 10/2 A | മൂസ ബി | ഫ്യുവലെക്സ് സർവീസ്, ബി.പി.സി ഡീലർ | 5 |
| 2 | 138/2023-24 | 19/393 C, D, E, F, G | അഷ്റഫ് മഹ്മൂദ് | QSB ബിൽഡിംഗ് മെറ്റീരിയൽ | 6 |
| 3 | 185/2023-24 | 9/403 | ജഗന്നാദ റായ് | ഫ്ലാഷ് സോഫ്റ്റ് ഡ്രിംഗ്സ് | 4 |
| 4 | 194/2023-24 | 19/240 | മുഹമ്മദ് കുഞ്ഞി | ബദ്രിയ എന്റർപ്രൈസസ് | 5 |

| | | | | | |
|---|---|---|---|---|---|
| | | | അബ്ദുള്ള | | |
| 5 | 333/2023-24 | 9/355 A | ഹരി പ്രസാദ് റായ് | സ്കന്ദ ഇൻഡസ്ട്രീസ് | 28 |
| 6 | 345/2023-24 | 12/794, 795 | മുഹമ്മദ് റിയാസ് | ചില്ലീസ് ഹൈപ്പർമാർക്കറ്റ് | 10 |
| 7 | 405/2023-24 | 9/307 B1 To B5 | ശങ്കര നാരായണ മയ്യ | ശ്രീ സിദ്ധി വിനായക ട്രേഡേഴ്സ് | 4 |
| 8 | 444/2023-24 | 12/1116 | മൊയ്തീൻ കുഞ്ഞി | ദിയ ലൈഫ് മെഡിക്കൽ സെന്റർ | 4 |
| 9 | 465/2023-24 | 14/272, 273, 274 | മൊയ്തീൻ കുഞ്ഞി പി | യൂണിറ്റി മസ്കാൻ | 4 |
| 10 | 469/2023-24 | 13/349 | മുഹമ്മദ് നിഷാം പി കെ | ബദ്രിയ ട്രേഡിംഗ് കമ്പനി | 5 |
| 11 | 478/2023-24 | 12/622 | പുഷ്പലത | നവശക്തി ടയർ വർക്സ് | 5 |
| 12 | 481/2023-24 | 10/321 | വിജയൻ എ ടി | അമ്പനാട്ട് വുഡ് ഇൻഡസ്ട്രീസ് | 4 |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 14/08.10.2024.

## 1-13 വസ്തു നികുതി പരിഷ്കരിക്കുന്നതിൽ വീഴ്ച

കേരള സർക്കാറിന്റെ 05.04.2023 ലെ സ.ഉ.(അച്ചടി) നമ്പർ 25/2023/എൽ.എസ്.ജി.ഡി ഉത്തരവ് (SRO 479/2023) പ്രകാരം 01.04.2023 മുതൽ നിലവിലുള്ള വസ്തുനികുതി നിരക്കുകൾ പരിഷ്കരിക്കുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതു 26.07.2023- ലെ 03 നമ്പർ തീരുമാന പ്രകാരം ബദിയടുക്ക ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച് അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 01/04/2023 മുതൽ അന്തിമ വിജ്ഞാപനം ചെയ്യുന്നതുവരെയുള്ള കാലയളവിൽ ലഭ്യമായ കെട്ടിട നമ്പറിനുള്ള അപേക്ഷകളിൽ പഴയ നിരക്കിലാണ് നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം താഴെ കൊടുത്തിട്ടുള്ള 240 കെട്ടിടങ്ങളുടെ നികുതി പഴയ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത്.

| കെട്ടിട ഐ.ഡി | വാർഡ് നമ്പർ | കെട്ടിട നമ്പർ | |
|---|---|---|---|
| 51187010017884 | 3 | 408 | B |
| 51187010017885 | 8 | 193 | C |
| 51187010017886 | 16 | 497 | P |
| 51187010017887 | 10 | 140 | A |
| 51187010017888 | 16 | 242 | A |
| 51187010017889 | 16 | 242 | B |
| 51187010017890 | 16 | 242 | C |
| 51187010017891 | 16 | 242 | D |
| 51187010017892 | 10 | 198 | C |
| 51187010017893 | 16 | 48 | C |
| 51187010017894 | 16 | 262 | B |
| 51187010017895 | 8 | 54 | E |
| 51187010017896 | 6 | 10 | A |
| 51187010017897 | 6 | 10 | B |
| 51187010017898 | 10 | 341 | B |
| 51187010017899 | 16 | 32 | A |
| 51187010017900 | 6 | 142 | C |
| 51187010017901 | 7 | 175 | A |
| 51187010017902 | 1 | 265 | C |

| | | | |
|---|---|---|---|
| 51187010017903 | 19 | 374 | C |
| 51187010017904 | 15 | 58 | B |
| 51187010017905 | 11 | 288 | J |
| 51187010017906 | 14 | 415 | A |
| 51187010017907 | 10 | 126 | B |
| 51187010017908 | 3 | 100 | A |
| 51187010017909 | 19 | 198 | A |
| 51187010017910 | 19 | 198 | B |
| 51187010017911 | 19 | 198 | C |
| 51187010017912 | 19 | 198 | D |
| 51187010017913 | 19 | 198 | E |
| 51187010017914 | 19 | 198 | F |
| 51187010017915 | 19 | 198 | G |
| 51187010017916 | 19 | 198 | H |
| 51187010017917 | 19 | 198 | I |
| 51187010017918 | 19 | 198 | J |
| 51187010017919 | 19 | 198 | K |
| 51187010017920 | 19 | 198 | L |
| 51187010017921 | 19 | 198 | M |
| 51187010017922 | 19 | 198 | N |
| 51187010017923 | 19 | 198 | O |
| 51187010017925 | 2 | 132 | B |
| 51187010017926 | 2 | 516 | A |
| 51187010017927 | 2 | 473 | B |
| 51187010017928 | 3 | 467 | C |
| 51187010017929 | 17 | 454 | B |
| 51187010017930 | 2 | 258 | A |
| 51187010017931 | 17 | 370 | B |
| 51187010017932 | 19 | 610 | X |

| | | | |
|---|---|---|---|
| 51187010017933 | 19 | 610 | Y |
| 51187010017934 | 19 | 610 | Z |
| 51187010017935 | 19 | 610 | Z1 |
| 51187010017936 | 3 | 440 | D |
| 51187010017937 | 15 | 209 | H |
| 51187010017938 | 14 | 52 | D |
| 51187010017939 | 11 | 211 | D |
| 51187010017940 | 19 | 187 | D |
| 51187010017941 | 11 | 325 | H |
| 51187010017942 | 14 | 8 | B2 |
| 51187010017943 | 14 | 512 | A |
| 51187010017944 | 11 | 111 | B |
| 51187010017945 | 9 | 589 | A |
| 51187010017946 | 19 | 10 | A |
| 51187010017947 | 11 | 247 | A2 |
| 51187010017948 | 16 | 63 | C |
| 51187010017949 | 1 | 172 | A |
| 51187010017950 | 1 | 310 | B |
| 51187010017951 | 17 | 641 | D |
| 51187010017952 | 19 | 203 | H |
| 51187010017953 | 19 | 267 | E |
| 51187010017954 | 19 | 40 | A |
| 51187010017955 | 10 | 48 | B |
| 51187010017956 | 15 | 377 | F |
| 51187010017957 | 13 | 420 | C |
| 51187010017958 | 15 | 377 | G |
| 51187010017959 | 15 | 377 | H |
| 51187010017960 | 15 | 377 | I |
| 51187010017961 | 15 | 377 | J |

| | | | |
|---|---|---|---|
| 51187010017962 | 15 | 377 | K |
| 51187010017963 | 15 | 377 | L |
| 51187010017964 | 18 | 61 | A |
| 51187010017965 | 11 | 459 | A |
| 51187010017966 | 14 | 110 | C |
| 51187010017967 | 19 | 208 | |
| 51187010017968 | 4 | 329 | C |
| 51187010017969 | 9 | 511 | A |
| 51187010017970 | 9 | 511 | B |
| 51187010017971 | 9 | 511 | C |
| 51187010017972 | 9 | 511 | D |
| 51187010017973 | 9 | 511 | E |
| 51187010017974 | 9 | 511 | F |
| 51187010017976 | 1 | 195 | F |
| 51187010017977 | 17 | 420 | A4 |
| 51187010017978 | 13 | 278 | B |
| 51187010017979 | 17 | 492 | D |
| 51187010017980 | 11 | 315 | H |
| 51187010017981 | 1 | 220 | E |
| 51187010017982 | 12 | 658 | A1 |
| 51187010017983 | 8 | 258 | B |
| 51187010017984 | 1 | 311 | A |
| 51187010017985 | 9 | 70 | E |
| 51187010017986 | 9 | 70 | F |
| 51187010017987 | 10 | 99 | C |
| 51187010017988 | 17 | 492 | E |
| 51187010017989 | 17 | 323 | D |
| 51187010017990 | 1 | 374 | A |
| 51187010017991 | 15 | 132 | G |

| | | | |
|---|---|---|---|
| 51187010017992 | 4 | 18 | A |
| 51187010017993 | 11 | 174 | B |
| 51187010017994 | 11 | 174 | C |
| 51187010017995 | 4 | 154 | F |
| 51187010017996 | 4 | 154 | G |
| 51187010017997 | 7 | 85 | A |
| 51187010017998 | 7 | 234 | A |
| 51187010017999 | 14 | 198 | B |
| 51187010018000 | 13 | 278 | C |
| 51187010018001 | 17 | 465 | C |
| 51187010018002 | 6 | 129 | B |
| 51187010018003 | 1 | 311 | B |
| 51187010018004 | 17 | 281 | C |
| 51187010018005 | 11 | 432 | A |
| 51187010018006 | 2 | 276 | D |
| 51187010018007 | 5 | 259 | C |
| 51187010018008 | 16 | 152 | C |
| 51187010018009 | 17 | 383 | A |
| 51187010018010 | 17 | 684 | A |
| 51187010018011 | 8 | 210 | B |
| 51187010018012 | 17 | 420 | A5 |
| 51187010018013 | 5 | 50 | C |
| 51187010018014 | 5 | 192 | B |
| 51187010018015 | 13 | 279 | D |
| 51187010018016 | 1 | 381 | B |
| 51187010018017 | 19 | 268 | C |
| 51187010018018 | 18 | 273 | D |
| 51187010018019 | 18 | 273 | E |
| 51187010018020 | 16 | 416 | A |

| | | | |
|---|---|---|---|
| 51187010018021 | 14 | 114 | C |
| 51187010018022 | 5 | 20 | Z1 |
| 51187010018023 | 5 | 20 | J |
| 51187010018024 | 5 | 20 | K |
| 51187010018025 | 5 | 20 | L |
| 51187010018026 | 5 | 20 | M |
| 51187010018027 | 5 | 20 | N |
| 51187010018028 | 5 | 20 | O |
| 51187010018029 | 5 | 20 | P |
| 51187010018030 | 5 | 20 | Q |
| 51187010018031 | 5 | 20 | R |
| 51187010018032 | 5 | 20 | S |
| 51187010018033 | 5 | 20 | T |
| 51187010018034 | 5 | 20 | U |
| 51187010018035 | 5 | 20 | V |
| 51187010018036 | 5 | 20 | W |
| 51187010018037 | 5 | 20 | X |
| 51187010018038 | 5 | 20 | Y |
| 51187010018039 | 5 | 20 | Z |
| 51187010018040 | 5 | 20 | Z2 |
| 51187010018041 | 5 | 20 | Z3 |
| 51187010018042 | 13 | 469 | B |
| 51187010018043 | 3 | 43 | B |
| 51187010018044 | 16 | 148 | A |
| 51187010018045 | 13 | 1 | B |
| 51187010018046 | 5 | 192 | C |
| 51187010018047 | 3 | 184 | B |
| 51187010018048 | 19 | 607 | A |
| 51187010018049 | 18 | 83 | A |

| | | | |
|---|---|---|---|
| 51187010018050 | 11 | 369 | E |
| 51187010018051 | 11 | 369 | F |
| 51187010018052 | 11 | 369 | G |
| 51187010018053 | 11 | 369 | H |
| 51187010018054 | 11 | 369 | J |
| 51187010018055 | 11 | 369 | K |
| 51187010018056 | 11 | 369 | L |
| 51187010018057 | 11 | 369 | M |
| 51187010018058 | 11 | 369 | N |
| 51187010018059 | 11 | 369 | P |
| 51187010018060 | 11 | 369 | Q |
| 51187010018061 | 11 | 369 | R |
| 51187010018062 | 14 | 407 | A |
| 51187010018063 | 17 | 507 | A |
| 51187010018064 | 17 | 13 | A |
| 51187010018065 | 16 | 136 | A |
| 51187010018066 | 8 | 181 | H |
| 51187010018067 | 11 | 315 | J |
| 51187010018068 | 1 | 208 | D |
| 51187010018069 | 16 | 88 | E |
| 51187010018070 | 10 | 92 | A |
| 51187010018071 | 7 | 246 | B |
| 51187010018072 | 1 | 143 | I |
| 51187010018073 | 16 | 35 | C1 |
| 51187010018074 | 16 | 88 | F |
| 51187010018075 | 15 | 258 | B |
| 51187010018076 | 11 | 468 | B |
| 51187010018077 | 10 | 191 | B |
| 51187010018078 | 11 | 278 | B |

| | | | |
|---|---|---|---|
| 51187010018079 | 11 | 185 | C |
| 51187010018080 | 15 | 495 | A |
| 51187010018081 | 16 | 386 | C |
| 51187010018082 | 10 | 545 | C |
| 51187010018083 | 15 | 288 | B |
| 51187010018084 | 3 | 16 | A |
| 51187010018085 | 4 | 65 | A |
| 51187010018086 | 3 | 252 | A |
| 51187010018087 | 10 | 433 | B |
| 51187010018088 | 19 | 598 | E |
| 51187010018089 | 19 | 589 | D |
| 51187010018090 | 8 | 246 | B |
| 51187010018091 | 14 | 94 | A |
| 51187010018092 | 6 | 403 | F |
| 51187010018093 | 8 | 292 | D |
| 51187010018094 | 10 | 557 | B |
| 51187010018095 | 19 | 583 | A |
| 51187010018096 | 19 | 299 | B |
| 51187010018097 | 19 | 299 | C |
| 51187010018098 | 19 | 299 | D |
| 51187010018099 | 19 | 299 | E |
| 51187010018100 | 19 | 299 | F |
| 51187010018101 | 14 | 57 | F |
| 51187010018102 | 4 | 329 | D |
| 51187010018103 | 19 | 197 | A |
| 51187010018104 | 19 | 197 | B |
| 51187010018105 | 19 | 197 | C |
| 51187010018106 | 11 | 315 | K |
| 51187010018107 | 9 | 7 | D |

| | | | |
|---|---|---|---|
| 51187010018108 | 11 | 446 | A |
| 51187010018109 | 9 | 304 | B |
| 51187010018110 | 17 | 487 | B |
| 51187010018111 | 17 | 375 | C |
| 51187010018112 | 12 | 128 | A |
| 51187010018113 | 1 | 195 | G |
| 51187010018114 | 15 | 33 | C |
| 51187010018115 | 17 | 539 | B |
| 51187010018116 | 18 | 337 | A |
| 51187010018117 | 18 | 253 | A |
| 51187010018118 | 11 | 247 | G |
| 51187010018119 | 1 | 384 | C |
| 51187010018120 | 6 | 293 | D |
| 51187010018121 | 6 | 293 | E |
| 51187010018122 | 6 | 293 | F |
| 51187010018124 | 2 | 361 | A |
| 51187010018125 | 19 | 208 | A |
| 51187010018127 | 17 | 548 | A |

നാളിതുവരെയായിട്ടും മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പരിഷ്കരിക്കാത്തത് വീഴ്ചയാണ്. എത്രയും പെട്ടെന്നു തന്നെ മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ച് കുടിശിക സഹിതം നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് തിരിച്ചടവ്- കൃത്യമായ മോണിറ്ററിംഗ് നടത്തുന്നില്ല

I)

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 180 - കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് (സ്പിൽ ഓവർ) |
| | |

<table>
<tr><td>അടങ്കൽ തുക</td><td>വികസന ഫണ്ട് (ജനറൽ) - 5,00,000/-</td></tr>
<tr><td>ചെലവ് തുക<br><table><tr><td>ബിൽ റഫറൻസ് നമ്പർ</td><td>തീയതി</td><td>തുക</td></tr><tr><td>232002520170000217081</td><td>20/06/2023</td><td>5,00,000/-</td></tr></table></td><td></td></tr>
<tr><td>നിർവ്വഹണ ഉദ്യോഗസ്ഥൻ</td><td>അസിസ്റ്റന്റ് സെക്രട്ടറി</td></tr>
</table>

മേൽ പദ്ധതി പ്രകാരം ചുവടെ പറയുന്ന 8 സ്ഥാപനങ്ങൾക്ക് ആകെ 5,00,000/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | അക്കൗണ്ട് നമ്പർ | നൽകിയ തുക | പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം തുക തിരികെ ഒടുക്കിയതിന്റെ വിശദാംശം | | |
|---|---|---|---|---|---|---|
| | | | | ഒടുക്കു വരുത്തിയ കാലയളവ് | ഒടുക്കിയ ആകെ തുക | ബാക്കി |
| 1 | ആരതി ടൈലറിംഗ് യൂണിറ്റ് | 68680100004492 | 1,00,000/- | 20.10.2023 മുതൽ 19.09.2024വരെ | 52,000 | 48,000 |
| 2 | പൊന്നൂസ് ലേഡി ടൈലറിംഗ് | 178212801200161 | 50,000/- | 20.10.2023 മുതൽ 21.08.2024 വരെ | 22,800 | 27,200 |
| 3 | ധരണി സ്റ്റിച്ചിംഗ് സെന്റർ | 178212801003695 | 50,000/- | 4.03.2024 | 50,000 | ഇല്ല |
| 4 | ശ്രീലക്ഷ്മി ഫാൻസി | 178212801003728 | 50,000/- | 20.10.2023 മുതൽ | 25,200 | 24,800 |

| | | | | | | |
|---|---|---|---|---|---|---|
| | ജിഫ്റ്റ് & സ്റ്റേഷനറി | | | 24.09.2024 വരെ | | |
| 5 | ദേവശ്രീ സാന്ത്വനം മൊബൈൽ ലാബ് | 178212801003455 | 50,000/- | 20.11.2023 മുതൽ 20.09.2024 വരെ | 25,000 | 25,000 |
| 6 | എസ്.എം അറൈഞ്ചേഴ്സ് | \|178212801003706 | 50,000/- | 20.10.2023 മുതൽ 24.09.2024 വരെ | 25,200 | 24,800 |
| 7 | അനു സ്റ്റോർ | 178212801003717 | 50,000/- | 20.10.2023 മുതൽ 24.09.2024 വരെ | 25,200 | 24,800 |
| 8 | യുണീക്ക് ഫാൻസി & ഡ്രെസ് മെറ്റീരിയൽസ് | 178212801003628 | 1,00,000/- | 20.10.2023 മുതൽ 22.08.2024 വരെ | 20,000 | 80,000 |
| ആകെ നൽകിയ തുക | | | 5,00,000/- | ആകെ ഒടുക്കിയ തുക | 2,45,400/- | 2,54,600/- |

II)

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 356 - കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് |
| അടങ്കൽ തുക | വികസന ഫണ്ട് (ജനറൽ) - 5,00,000/- |
| ചെലവ് തുക | |

| ബിൽ റഫറൻസ് നമ്പർ | തീയതി | തുക |
|---|---|---|
| 232002520170015O7386 | 24/03/2024 | 5,00,000/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം ചുവടെ പറയുന്ന 10 സ്ഥാപനങ്ങൾക്ക് ആകെ 5,00,000/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | അക്കൗണ്ട് നമ്പർ | നൽകിയ തുക | പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം തുക തിരികെ ഒടുക്കിയതിന്റെ വിശദാംശം | | |
|---|---|---|---|---|---|---|
| | | | | ഒടുക്കു വരുത്തിയ കാലയളവ് | ഒടുക്കിയ ആകെ തുക | ബാക്കി |
| 1 | നയന ടീ സ്റ്റാൾ | 42092200055021 | 50,000/- | 19.06.2024 മുതൽ 23.09.2024 വരെ | 8,000 | 42,000 |
| 2 | അമ്മൂസ് കാറ്ററിംഗ് സർവ്വീസ് | 178212801200222 | 50,000/- | 2.07.2024 മുതൽ 19.09.2024 വരെ | 6,300 | 43,700 |
| 3 | പഞ്ചമി ബേക്കറി യൂണിറ്റ് | 178212801200091 | 50,000/- | 20.06.2024 മുതൽ 24.09.2024 വരെ | 8,300 | 41,700 |
| 4 | ഭാഗ്യശ്രീ ബേക്കറി | 40417101055663 | 50,000/- | 20.06.2024 മുതൽ | 8,300 | 41,700 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 24.09.2024 വരെ | | |
| 5 | നന്മ റെഡീമെയ്ഡ് & ടൈലറിംഗ് ഷോപ്പ് | 178212801200213 | 50,000/- | 22.07.2024 മുതൽ 27.09.2024 വരെ | 8,400 | 41,600 |
| 6 | അപ്സര കേറ്ററിംഗ് | \|178212801003601 | 50,000/- | 29.06.2024 മുതൽ 13.09.2024 വരെ | 8,400 | 41,600 |
| 7 | ടീ ഹബ്ബ് | 40617101033661 | 50,000/- | 1.07.2024 മുതൽ 20.09.2024 വരെ | 6,300 | 43,700 |
| 8 | നീഡിൽ മേജിക്ക് | 120027160360 | 50,000/- | - | 0 | 50,000 |
| 9 | എസ്.പി കേക്ക് | 520101003655111 | 50,000/- | 1.07.2024 മുതൽ 23.09.2024 വരെ | 8,400 | 41,600 |
| 10 | ദീനാർ കേറ്ററിംഗ് യീണിറ്റ് | 178212801200028 | 50,000/- | 8.07.2024 മുതൽ 12.09.2024 വരെ | 8,400 | 41,600 |
| ആകെ നൽകിയ തുക | | | 5,00,000/- | ആകെ ഒടുക്കിയ തുക | 70,800/- | 4,29,200 |

മേൽ പ്രകാരമുള്ള രണ്ട് പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകളുണ്ട്.

1) 180 - കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് (സ്പിൽ ഓവർ) എന്ന പദ്ധതി പ്രകാരം തുക നൽകിയ 8 സ്ഥാപനങ്ങളിൽ ധരണി സ്റ്റിച്ചിംഗ് സെന്റർ എന്ന സ്ഥാപനം 50,000/- രൂപ പൂർണ്ണമായും തിരികെ ഒടുക്കിയിട്ടുണ്ട്. ബാക്കിയുള്ള 7 സ്ഥാപനങ്ങളിൽ യുണീക്ക് ഫാൻസി & ഡ്രെസ് മെറ്റീരിയൽസ് എന്ന സ്ഥാപനം കൃത്യമായി അതാത് മാസം തന്നെ തുക ഒടുക്കുന്നില്ല.

2) കരാർ പ്രകാരം റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് രസീത് അതാത് മാസം നിർവ്വഹണ ഉദ്യോഗസ്ഥനു നൽകി ബന്ധപ്പെട്ട രജിസ്റ്ററിൽ വരവു വയക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടി സ്വീകരിക്കാതെ ബാങ്ക് സ്റ്റേറ്റ്മെന്റിലെ വിശദാംശം രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്. ഓഡിറ്റ് കാലയളവിൽ ബാങ്ക് സ്റ്റേറ്റ് മെന്റിലെ ചില വരവുകളുടെ വിശദാംശത്തിൽ പേര് രേഖപ്പെടുത്താതെ "By Cash" എന്നു മാത്രം രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഇത് ആരിൽ നിന്നും ലഭ്യമായ തുകയാണ് എന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല.

3) രജിസ്റ്ററിലെ ഓരോ മാസത്തെയും രേഖപ്പെടുത്തൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) 356 - കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെട്ട നീഡിൽ മേജിക്ക് എന്ന സ്ഥാപനം തുക തിരിച്ചടവ് തുടങ്ങിയിട്ടില്ല.

5) രണ്ട് പദ്ധതികളിലുമായി 27.09.2024 വരെ ആകെ 3,16,200/- രൂപയാണ് (2,45,400 + 70,800) രജിസ്റ്റർ പ്രകാരം തിരികെ ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്. തുക ഒടുക്കുന്നതിനായി 23.03.2023 ൽ പെർഡാല സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ (നമ്പർ 0301150007083) ആരംഭതീയതിയിൽ 100/- രൂപ നിക്ഷേപിക്കുകയും 30.03.2024 ൽ പലിശയായി 846/- രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത് പ്രകാരം 27.09.2024 ൽ ആകെ 3,17,146/- രൂപയാണ് ( 3,16,200 + 100 + 846) നീക്കിയിരിപ്പായി വരേണ്ടത്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ 27.09.2024 ലെ നീക്കിയിരിപ്പ് 3,19,246/- രൂപയാണ്. 2,100/- രൂപയുടെ ( 3,19,246 - 3,17,146) വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ്.

കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് പദ്ധതികളുമായി ബന്ധപ്പെട്ട് പരാമർശ പ്രകാരമുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തുക തിരിച്ചടവ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിംഗ് നടത്തി തുക പൂർണ്ണമായും തിരിച്ചടയ്ക്കുന്ന മുറയ്ക്ക് വിവരം ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**1-15 തൊഴിലുറപ്പ് പദ്ധതി ഓഫീസിലേക്ക് ലാപ്പ്ടോപ്പ്- -കെൽട്രോണിൽ നിന്നും ലാപ്പ്ടോപ്പ് നാളിതുവരേയും ലഭ്യമായില്ല.**

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 399 - തൊഴിലുറപ്പ് പദ്ധതി ഓഫീസിലേക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ തുക | തനത് ഫണ്ട് - 70,000/- |
| ചെലവ് തുക | ചെക്ക് നമ്പർ: XY0643619; തീയതി: 7/03/2024; തുക: 57,616/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| XY0643619 | 7/03/2024 | 57,616/- |

മേൽ പദ്ധതി പ്രകാരം തൊഴിലുറപ്പ് പദ്ധതി ഓഫീസിലേക്ക് ലാപ്പ്ടോപ്പിനായി 57,616/- രൂപ കെൽട്രോണിന്റെ ട്രഷറി അക്കൗണ്ട് നമ്പർ 799011400003959 ലേക്ക് ട്രാസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകളുണ്ട്.

1) കെൽട്രാണിന്റെ പ്രൊഫോർമ ഇൻവോയിസ് നമ്പർ TVM/ITBG/PI//RC/51891/23-24, 2.12.2023 പ്രകാരമുള്ള ലാപ്പ്ടോപ്പിന്റെ ടാക്സ് ഇൻവോയിസ് പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല.

2) കെൽട്രോണിന് ട്രാസ്ഫർ ചെയ്ത് നൽകിയ തുകയുടെ കൈപ്പറ്റ് രസീത് കെൽട്രോണിൽനിന്നും ലഭ്യമായിട്ടില്ല.

3) കെൽട്രോണിൽ നിന്നും ലാപ്പ്ടോപ്പ് നാളിതുവരെയും ലഭ്യമായിട്ടില്ല.

ഫയൽ പരിശോധിച്ചതിൽ ഇതുമായി ബന്ധപ്പെട്ട് കെൽട്രോണിന് കത്ത് നൽകിയതായോ ലാപ്പ്ടോപ്പ് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെയോ രേഖകളില്ല. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ലാപ്പ്ടോപ്പ് ലഭ്യമായിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

തുക പൂർണ്ണമായും നൽകിയിട്ടും ലാപ്പ്ടോപ്പ് നാളിതുവരേയും ലഭ്യമാക്കാത്തതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 57,616/- രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 7/8.10.2024.

## 1-16 എം.സി.എഫിൽ ക്യാമറ സ്ഥാപിക്കൽ - ക്യാമറ സ്ഥാപിച്ചില്ല.

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 252 - ഗ്രാമപഞ്ചായത്തിലെ സ്ഥിരമായി മാലിന്യ നിക്ഷേപമുള്ള സ്ഥലങ്ങളിലും എം.സി.എഫിലും |

| | |
|---|---|
| | ക്യാമറ സ്ഥാപിക്കൽ |
| അടങ്കൽ തുക | ധനകാര്യ കമ്മീഷൻ അവാർഡ് - 10,00,000/- |
| ചെലവ് തുക | വൗച്ചർ നമ്പർ: XVFC/2023-24/P/97; തീയതി: 28/03/2024; തുക: 1,58,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രോണിക്സ് ഉപവിഭാഗം, കണ്ണൂരിന്റെ 16/11/2023 ലെ AEEELC-SDOKNR/542/2023-A2-PWD നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിന് 1,58,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്യൂ.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രോണിക്സ് വിഭാഗം, ചെമ്പുകാവ്, തൃശ്ശൂരിന്റെ കാനറ ബാങ്കിലെ 120028120721 നമ്പർ അക്കൗണ്ടിലേക്ക് 1,58,000/- രൂപ കൈമാറിയിട്ടുണ്ട്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകളുണ്ട്.

1) പദ്ധതിയുമായി ബന്ധപ്പെട്ട് കരാർ ചമക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്

2) 1,58,000/- രൂപ കൈപ്പറ്റിയതിന്റെ രേഖ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) പദ്ധതി പ്രകാരം എം.സി.എഫിൽ ക്യാമറ നാളിതുവരേയും സ്ഥാപിച്ചിട്ടില്ല.

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, കരാർ തയ്യാറാക്കി ഒപ്പു വയ്ക്കുന്നതിനായി അയച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

കരാർ ചമക്കാതെ തുക കൈമാറുകയും ക്യാമറ നാളിതുവരേയും സ്ഥാപിച്ചിട്ടില്ലാത്തതിനാലും ഈ പദ്ധതിക്കായി ചെലവഴിച്ച 1,58,000/- രൂപ തടസ്സപ്പെടുത്തുന്നു. തുടർനടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 8/8.10.2024.

## 1-17 വാർഡ്തല ശുചീകരണ പ്രവർത്തനങ്ങൾ - ഫണ്ട് പൂർണ്ണമായും ചെലവഴിച്ചില്ല

വാർഡ്തല ശുചിത്വ പ്രവർത്തനങ്ങൾക്ക് രണ്ട് തവണകളായി ആകെ 15,000/- രൂപ (5,000 + 10,000) വീതം 19 വാർഡുകൾക്ക് നൽകിയിട്ടുണ്ട്. ഈ തുക ചുവടെ പറയും പ്രകാരമാണ് ബാങ്കിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചിട്ടുള്ളത്.

| വാർഡ് | അക്കൗണ്ട് നമ്പർ | ഉത്തരവ് നമ്പർ 401102/FMFM34/GP/2023/3525/(1), 14.06.2023 പ്രകാരം അനുവദിച്ച 5,000/- രൂപയുടെ വരവ് ചെലവ് വിശദാംശം | | | ഉത്തരവ് നമ്പർ AO-4855/2023, 8.08.2023 പ്രകാരം അനുവദിച്ച 10,000/- രൂപയുടെ വരവ് ചെലവ് വിശദാംശം | | |
|---|---|---|---|---|---|---|---|
| | | ലഭിച്ച തീയതി | ചെലവഴിച്ച തുക , തീയതി | നീക്കിയിരിപ്പ് | ലഭിച്ച തീയതി | ചെലവഴിച്ച തുക , തീയതി | നീക്കിയിരിപ്പ് |
| 1 | 68680100006382 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 5000, 13.09.2023 | 0 | 23.08.2023 | 10000, 9.10.2023 | 0 |
| 2 | 4489101004871 (കാനറ ബാങ്ക്) | 15.06.2023 | 5000, 14.09.2023 | 0 | 22.08.2023 | 10000, 9.10.2023 | 0 |
| 3 | 68680100006306 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 4500, 21.09.2023 | 500 | 23.08.2023 | 10000, 21.9.2023 | 0 |
| 4 | 68680100004719 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 4500, 16.01.2024 | 500 | 23.08.2023 | 10000, 16.01.2024 | 0 |
| 5 | 68680100004720 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 4500, 9.08.2023 | 500 | 23.08.2023 | 10000, 11.10.2023 | 0 |
| 6 | 68680100003478 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 5000, 1.07.2023 | 0 | 23.08.2023 | 5000, 5.09.2023<br>5000, 5.10.2023 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | 68680100006440 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 5000 24.08.2023 | 0 | 23.08.2023 | 5000, 24.8.2023 5000, 10.10.2023 | 0 |
| 8 | 68680100006379 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 4500, 25.09.2023 | 500 | 23.08.2023 | 10000, 25.9.2023 | 0 |
| 9 | 68680100006387 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 5000, 22.02.2024 | 0 | 23.08.2023 | 10000, 20.10.2023 | 0 |
| 10 | 68680100006380 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 5000, 18.01.2024 | 0 | 23.08.2023 | 9500, 20.09.2023 | 500 |
| 11 | 68680100006313 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 4500, 23.08.2023 | 500 | 23.08.2023 | 10000, 30.09.2023 | 0 |
| 12 | 68680100006311 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 4500, 23.08.2023 | 500 | 23.08.2023 | 10000, 30.09.2023 | 0 |
| 13 | 68680100006308 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 4500, 21.09.2023 | 500 | 23.08.2023 | 10000, 21.09.2023 | 0 |
| 14 | 68680100006386 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 5000, 13.07.2023 | 0 | 23.08.2023 | 10000, 20.10.2023 | 0 |
| 15 | 68680100006307 | 16.06.2023 | 4500, 3.10.2023 | 500 | 23.08.2023 | 10000, 3.10.2023 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| | (ബാങ്ക് ഓഫ് ബറോഡ) | | | | | | |
| 16 | 68680100003280 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 4500, 20.07.2023 | 500 | 23.08.2023 | 10000 25.09.2023 | 0 |
| 17 | 68680100006309 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 4500, 11.08.2023 | 500 | 23.08.2023 | 10000, 18.09.2023 | 0 |
| 18 | 68680100003282 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 4500, 23.08.2023 | 500 | 23.08.2023 | 10000, 26.09.2023 | 0 |
| 19 | 68680100006310 (ബാങ്ക് ഓഫ് ബറോഡ) | 16.06.2023 | 4500, 23.08.2023 | 500 | 23.08.2023 | 10000, 12.09.2023 | 0 |
| ആകെ നീക്കിയിരിപ്പ് | | | | 6,000/- | ആകെ നീക്കിയിരിപ്പ് | | 500/- |

മേൽ പ്രകാരം വാർഡ് തല ശുചിത്വ പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകയിൽ 6,500/- രൂപ (6,000+500) ചെലവഴിക്കാത്തതിനും തുക തിരികെ ഈടാക്കാത്തതിനുമുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തുടർന്നുള്ള മാസങ്ങളിൽ ബാക്കിയുള്ള ഫണ്ടുകൾ മുഴുവനും കൃത്യമായ രീതിയിൽ ചെലവഴിക്കുവാനും ബാലൻസ് ഉണ്ടെങ്കിൽ തിരിച്ചടയ്ക്കുവാനുമുള്ള തുടർനടപടികൾ സ്വീകരിക്കുമെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

വാർഡ്തല ശുചിത്വ പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകയിൽ ചെലവഴിക്കാതെ നിലനിൽക്കുന്ന 6,500/- രൂപ ചെലവഴിക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും മിനിമം ബാലൻസ് ചാർജ്ജ്, എസ്.എം.എസ് ചാർജ് എന്നീ ഇനങ്ങളിൽ വലിയ രീതിയിൽ തുക ഈടാക്കുന്നതായി കാണുന്നു. ഇത് ഒഴിവാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 6/8.10.2024.

## 1-18 സാന്ത്വന പരിചരണം - മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

ഗുണഭോക്താക്കൾക്ക് സാന്ത്വന പരിചരണവും ചികിത്സയും, മാസത്തിൽ 16 ഹോംകെയർ, മരുന്നും ഉപകരണങ്ങളും , വാളണ്ടിയർമാർക്ക് ഭക്ഷണം , വാഹന വാടക, പരിശീലനം, സ്റ്റേഷനറി എന്നിവയ്ക്കാണ് മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നിർവ്വഹണ ഉദ്യോഗസ്ഥനായി സാന്ത്വന പരിചരണം എന്ന പദ്ധതി (നമ്പർ 8) വിഭാവനം ചെയ്തിട്ടുള്ളത്.

സ.ഉ(സാധാ) നം.553/2019/തസ്വഭവ, തീയതി 07/03/2019 ലെ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 2.6.5 പ്രകാരം ഹോം കെയർ ദിനങ്ങളിൽ ഹോംകെയർ ടീമിന് പരമാവധി ആറ് പേർക്ക് ആവശ്യമായി വരുന്ന ഭക്ഷണ ചെലവ്, ഹോം കെയറിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന ഒരാൾക്ക് ഒരു ദിവസം പരമാവധി 80 രൂപ എന്ന നിരക്കിൽ, പ്രോജക്ടിൽ വകയിരുത്താവുന്നതും പി.എം.സി യുടെ തീരുമാനപ്രകാരം ചെലവഴിക്കാവുന്നതുമാണ്. എന്നിരുന്നാലും പൊതുസമൂഹം വലിയ തോതിൽ പിന്തുണ നൽകുന്ന പദ്ധതി എന്ന നിലയിൽ ഹോം കെയർ ടീമിന്റെ ഭക്ഷണ ചെലവ് സൗജന്യമായോ കുറഞ്ഞ നിരക്കിലോ ലഭിക്കുവാനുള്ള സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. എന്നാൽ പദ്ധതി പ്രകാരം ഹോം കെയർ ടീമിന്റെ ഭക്ഷണത്തിനായി പ്രതിദിനം 45 രൂപ മുതൽ 75 രൂപ വരെ അധികം ചെലവഴിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. ജൂൺ 2023 മാസത്തെ ചെലവു വിവരം ഉദാഹരണമായി ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി (ഹോട്ടൽ അന്നപൂർണ്ണ) | എണ്ണം | നൽകാവുന്ന പരമാവധി തുക (80രൂപ വീതം) | നൽകിയ തുക | അധികം നൽകിയ തുക | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 217, 10.06.2023 | 4 | 320 | 380 | 60 | തനത് ഫണ്ട് |
| 2 | 218, 12.06.2023 | 4 | 320 | 380 | 60 | |
| 3 | 219, 13.06.2023 | 4 | 320 | 380 | 60 | |
| 4 | 220, 14.06.2023 | 5 | 400 | 475 | 75 | |
| 5 | 221, 15.06.2023 | 3 | 240 | 285 | 45 | |
| 6 | 222, 19.06.2023 | 4 | 320 | 380 | 60 | |
| 7 | 223, 20.06.2023 | 5 | 400 | 475 | 75 | |
| 8 | 224, 21.06.2023 | 5 | 400 | 475 | 75 | |

| | | | | | |
|---|---|---|---|---|---|
| 9 | 226, 22.06.2023 | 4 | 320 | 380 | 60 |
| 10 | 227, 23.06.2023 | 5 | 400 | 475 | 75 |
| 11 | 228, 24.06.2023 | 4 | 320 | 380 | 60 |
| 12 | 229, 27.06.2023 | 4 | 320 | 380 | 60 |
| 13 | 211, 28.06.2023 | 4 | 320 | 380 | 60 |
| 14 | 231, 29.06.2023 | 3 | 240 | 285 | 45 |
| 15 | 232, 30.06.2023 | 3 | 240 | 285 | 45 |

ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഒരാൾക്ക് 80/- രൂപ എന്ന നിരക്ക് കൃത്യമായി പാലിക്കാൻ സാധിച്ചിട്ടില്ല എന്നും ഇനിയുള്ള മാസങ്ങളിൽ കൃത്യമായി ഹോംകെയറിന് പങ്കെടുക്കുന്ന ഒരാൾക്ക് 80 രൂപയോ അതിൽ കുറഞ്ഞ നിരക്ക് എന്ന രീതിയിൽ ഭക്ഷണചെലവുകൾ പരമാവധി കുറച്ച് തുക ചെലവഴിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മാർഗ്ഗരേഖയ്ക്കനുസിച്ച് തുടർന്നുള്ള പ്രവർത്തനങ്ങളിൽ ചെലവ് ചെയ്യേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 4/5.10.2024 ന്

## 1-19 കുടിവെള്ള ടാങ്ക് (എസ്.ടി)- ഒരു ടാങ്ക് വിതരണം ചെയ്തില്ല.

| | | | |
|---|---|---|---|
| പദ്ധതി നമ്പർ, പേര് | 183 - കുടിവെള്ള ടാങ്ക് (എസ്.ടി.) | | |
| അടങ്കൽ തുക | വികസന ഫണ്ട് (ടി.എസ്.പി) - 4,96,000/- | | |
| ചെലവ് തുക | ബിൽ റഫറൻസ് നമ്പർ/ ചെക്ക് നമ്പർ | തീയതി | തുക |
| | 232002520170014927 57 | 24.03.2024 | 4,95,195/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | | |

ബദിയഡുക്ക ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന കുടിവെള്ള ടാങ്ക് (എസ്.ടി.) എന്ന പദ്ധതിക്ക് ലഭ്യമായ ടെണ്ടറുകളിൽ കുറവു കോട്ട് ചെയ്ത അസിം ഡിസൈനേഴ്സ് & ഇന്റീരിയേഴ്സ് എന്ന സ്ഥാപനത്തെ അംഗീകരിക്കുകയും ബിൽ നമ്പർ 537/ 09.02.2024 പ്രകാരം ലഭ്യമാക്കിയ 163 ടാങ്കുകൾക്ക് (3,038/- രൂപ നിരക്കിൽ) 18% ജി.എസ്.ടി ഉൾപ്പെടെ 4,95,195/- രൂപ (4,19,657 + 75,538) അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ടാങ്കുകൾ കൈപ്പറ്റിയതിന്റെ രേഖകൾ പ്രകാരം 163 ടാങ്കുകളിൽ 162 എണ്ണം മാത്രമേ വിതരണം ചെയ്തതിട്ടുള്ളൂ. ഒരു ടാങ്ക് വിതരണം ചെയ്യാത്തതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഗുണഭോക്താവ് പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നത് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാലാണ് ടാങ്ക് വിതരണം ചെയ്യാതിരുന്നതെന്നും ഈ വിവരം സ്റ്റോക്കിൽ രേഖപ്പെടുത്തി ടാങ്ക് പഞ്ചായത്ത് സ്റ്റോറിൽ സൂക്ഷിച്ചിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

വിതരണം ചെയ്യാത്ത പ്രസ്തുത ടാങ്ക് വിതരണം ചെയ്ത് രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആതുവരെ ഇതിനായി ചെലവഴിച്ച 3,038/- രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നമ്പർ 16/9.10.2024.

## 1-20 സാനിറ്ററി പാഡ് ഇൻസിനറേറ്റർ -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കി.

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 367 - പൊതുസ്ഥലങ്ങളിലും സ്കൂളുകളിലും സാനിറ്ററി പാഡ് ഇൻസിനറേറ്റർ |
| അടങ്കൽ തുക | കേന്ദ്രാവിഷ്കൃത ഫണ്ട് - 3,15,000/-<br>തനത് ഫണ്ട് - 1,35,000/- |
| ചെലവ് തുക (തനത് ഫണ്ട് - 1,24,650/-) | ചെക്ക് നമ്പർ: XY0643630; തീയതി: 27-03-2024; തുക: 1,24,650 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| XY0643630 | 27-03-2024 | 1,24,650 |

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ പൊതുസ്ഥലങ്ങളിലും സ്കൂളുകളിലും സാനിറ്ററി പാഡ് ഇൻസിനറേറ്റർ സ്ഥാപിക്കുവാൻ റെയിഡ്കോ സമർപ്പിച്ച കവട്ടേഷൻ അംഗീകരിക്കുകയും (നമ്പർ KSD/QT/81/2023-24, 14.02.2024) ഐ.സി.ഡി.എസ് സൂപ്പർവൈസർ ഒന്നാം കക്ഷിയായും റെയിഡ്കോ മാനേജിംഗ് ഡയറക്ടർ, കാസറഗോഡ് രണ്ടാം കക്ഷിയായും കരാറിൽ എർപ്പെടുകയും ചെയ്തിട്ടുണ്ട്. റെയിഡ്കോ സമർപ്പിച്ച കവട്ടേഷൻ പ്രകാരം 9 സാനിറ്ററി പാഡ് ഇൻസിനറേറ്ററിനു 4,39,650/- രൂപയാണ് കോട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 3 എണ്ണം സ്ഥാപിച്ചതിന് 1,24,650/- രൂപ നൽകിയിട്ടുണ്ട്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകളുണ്ട്.

1) സ.ഉ.(കൈ) നം.115/2022തസ്വഭവ, തി.28.05.2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖ.7.4.6 പ്രകാരം സർക്കാർ/ എയ്ഡഡ് ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണമനുസരിച്ച് Central Pollution Control Board-ന്റെ മാർഗ്ഗരേഖ അവലംബമാക്കി, അനുയോജ്യമായ ശേഷിയുള്ള നാപ്കിൻ വെന്റിങ് മെഷിൻ, നാപ്കിൻ ബേണിങ് മെഷിൻ /ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ പ്രോജക്റ്റ് നടപ്പാക്കിയത് മാർഗരേഖയ്ക്ക് വിരുദ്ധമാണ്.
2) റെയിഡ്കോയുടെ ടാക്സ് ഇൻവോയ്സ് നമ്പർ KSD/1168/2023-24, 23.03.2024 പ്രകാരം 9 സാനിറ്ററി പാഡ് ഇൻസിനറേറ്റർ ലഭ്യമായതായി സ്റ്റോക്കിൽ (പേജ് നമ്പർ 45) രേഖപ്പെടുത്തുകയും ഇതിൽ ബദിയഡുക്ക ഗ്രാമപഞ്ചായത്ത്, ജി.എച്ച്.എസ് പെർഡാല, സി.എച്ച്.സി ബദിയഡുക്ക എന്നീ മൂന്ന് സ്ഥാപനങ്ങൾക്ക് നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ മൂന്ന് സ്ഥാപനങ്ങളിലും ഇൻസിനറേറ്റർ സ്ഥാപിച്ചതായി റെയിഡ്കോയുടെ സാക്ഷ്യപത്രവും വാറണ്ടി സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടില്ല.

3) കരാറിൽ എന്നാണ് ഏർപ്പെട്ടിട്ടുള്ളത് എന്നത് രേഖപ്പെടുത്തിയിട്ടില്ല.

4) കരാറിൽ ഒന്നാം കക്ഷിയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
5) കരാറിലെ നിബന്ധന 7 പ്രകാരം വിതരണാനുമതി ലഭിച്ച് 30 ദിവസത്തിനകം സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ പദ്ധതി പൂർത്തീകരിച്ചു നൽകേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 6 ഇൻസിനറേറ്ററുകൾ സ്ഥാപിക്കാതെ ഹരിതകർമ്മസേനയുടെ ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ഇതിനായി ചെലവഴിച്ച 1,24,650/- രൂപ തടസ്സപ്പെടുത്തുന്നു. പരാമർശത്തിൽ പറഞ്ഞിട്ടുള്ള അപാകതകൾ പരിഹരിച്ച് വിശദാംശം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 21 /10.10.2024.

## 1-21 ഗുണഭോക്താക്കളുടെ മരണ ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നു

2023-24 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം “സേവന” വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക്

മരണശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി കാണുന്നു.

| ക്രമ നം | പേര്, ഇനം | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | അധികം നൽകിയ മാസം | അനുവദിച്ച തുക |
| 1 | ശ്രീമതി ജ്യോതി ബി (ദേശീയ ഡിസബിലിറ്റി പെൻഷൻ) | 111870400349 | 18.02.2024 | 3/2024 മുതൽ 5/2024 വരെ | 4,800/- (1600 X 3) |
| 2 | ശ്രീമതി സീത (ദേശീയ വിധവ പെൻഷൻ) | 111870601158 | 31.03.2024 | 4/2024 മുതൽ 5/2024 വരെ | 3,200/- (1600x 2) |
| ആകെ | | | | | 8,000/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് മരണപ്പെട്ട തീയതിക്ക് ശേഷവും പെൻഷൻ വിതരണം ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുക തിരികെ ഈടാക്കേണ്ടതുമാണ്.

## **1-22 സ്കൂളുകൾക്ക് ലാപ് ടോപ്പ് , കളർ പ്രിന്റർ, ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി- ലാപ് ടോപ്പുകൾ ലഭ്യമായില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

ഗ്രാമ പഞ്ചായത്തിലെ സ്കൂളുകൾക്ക് ലാപ് ടോപ്പ് , കളർ പ്രിന്റർ, ഫർണ്ണീച്ചർ വാങ്ങൽ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | 40 / 2023-24 |

| | |
|---|---|
| പ്രോജക്ട് | സ്കൂളുകൾക്ക് ലാപ് ടോപ്പ് , കളർ പ്രിന്റർ, ഫർണ്ണീച്ചർ വാങ്ങൽ |
| അടങ്കൽ തുക | 12,00,000 രൂപ |
| ആകെ ചെലവ് തുക | 11,80,240 രൂപ |
| ലാപ് ടോപ്പിനുള്ള ചെലവ് തുക | 4,75,072 രൂപ<br>(ബിൽ നമ്പർ/ തിയ്യതി-<br>23200252027201341320 /<br>തിയ്യതി: 10.3.2024) |
| ഫണ്ട് ഇനം | മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് |
| സ്ഥാപനം | KERALA STATE IT MISSION |
| അക്കൗണ്ട് നമ്പർ | 799011400003959 |

മേൽ ബിൽ നമ്പർ പ്രകാരം ഒരു ലാപ് ടോപ്പിന് 36,544 രൂപ നിരക്കിൽ 13 ലാപ് ടോപ്പുകളുടെ വിലയായി ആകെ 4,75,072 രൂപ കേരള സംസ്ഥാന ഐ.ടി മിഷന്റെ അക്കൗണ്ടിലേക്ക് 10.3.2024-ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ലാപ് ടോപ്പുകൾ ലഭ്യമായിട്ടില്ല. ലാപ് ടോപ്പുകൾ ലഭ്യമാക്കി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 4,75,072 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നമ്പർ : 17/9.10.2024.

## <u>1-23 തുടർ സാക്ഷരത പരിപാടി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.</u>

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തുടർ സാക്ഷരത പരിപാടിയുടെ ഭാഗമായി പത്താം തരം, പതിനൊന്നാം തരം തുല്ല്യതാ പരീക്ഷകളുടെ കോഴ്സ് ഫീസ് ഇനത്തിൽ സാക്ഷരതാ മിഷൻ അതോറിറ്റിക്ക് നല്കിയ തുയുടെ വിശദവിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | 339 / 2023-24 |
| പ്രോജക്ട് | തുടർ സാക്ഷരത പരിപാടി |
| ഫണ്ട് ഇനം | തനതു ഫണ്ട് |
| അടങ്കൽ തുക | 1,50,000രൂപ |

| | |
|---|---|
| ചെലവ് തുക | 1,46,000രൂപ |
| സ്ഥാപനം | സാക്ഷരതാ മിഷൻ അതോറിറ്റി |
| അക്കൗണ്ട് നമ്പർ | 57026996123 |
| **ബിൽ നമ്പർ/ തിയ്യതി** | **തുക** |
| 12/2023-24 തിയ്യതി : 13.3.2024 | 40,950 രൂപ |
| 13/2023-24 തിയ്യതി : 7.3.2024 | 59,800 രൂപ |
| 14 /2023-24 തിയ്യതി : 7.3.2024 | 13,800 രൂപ |
| 20/2023-24 തിയ്യതി : 23.3.2024 | 31,450രൂപ |
| **ആകെ** | **1,46,000രൂപ** |

മേൽ ബിൽ പ്രകാരം തുടർ സാക്ഷരത പരിപാടി നടപ്പിലാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 57026996123-ാം നമ്പർ അക്കൗണ്ടിലേക്ക് 1,46,000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുകയുടെ ചെലവ് വിവരം സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 1,46,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നമ്പർ : 18/9.10.2024.

**1-24 വീടുകൾക്ക് റിംഗ് കംപോസ്റ്റ് ബിൻ വിതരണം - 4,45,000 രൂപയുടെ റിംഗ് കംപോസ്റ്റ് ലഭിച്ചിട്ടില്ല.**

2023-24 സാമ്പത്തിക വർഷത്തിൽ വീടുകൾക്ക് റിംഗ് കംപോസ്റ്റ് ബിൻ വിതരണം പദ്ധതി നടപ്പിലാക്കിയതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (നീർച്ചാൽ സർക്കിൾ )

| | |
|---|---|
| പ്രോജക്ട് നമ്പർ | 175/ 2023-24 |
| പ്രോജക്ട് | വീടുകൾക്ക് റിംങ് കംപോസ്റ്റ് ബിൻ |
| അടങ്കൽ തുക | 27,81,631 രൂപ |
| ആകെ ചെലവ് തുക | 5,80,000 രൂപ |
| **വൗച്ചർ നമ്പർ/ തിയ്യതി** | **തുക** |
| 22300801/തിയ്യതി: 31. 12.2023 | 1,35,000 ( ഗുണഭോക്തൃ വിഹിതം ) |
| 22300338/ തിയ്യതി 31.1.2024 | 4,45,000 രൂപ ( സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| **ആകെ** | **5,80,000 രൂപ** |
| സ്ഥാപനം | RAIDCO KERALA LTD |
| അക്കൗണ്ട് നമ്പർ | 179810009000187 |

വീടുകൾക്ക് റിംങ് കംപോസ്റ്റ് ബിൻ വിതണം പദ്ധതി നടപ്പിലാക്കുന്നതിനായി മേൽ ബിൽ പ്രകാരം റെയ്ഡ്കോ കേരള ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് 5,80,000 രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ റിംങ് കംപോസ്റ്റ് ബിന്നുകൾ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമായ മറുപടി പ്രകാരം, 1,35,000 രൂപ 2022-23 വർഷത്തെ ഗുണഭോക്തൃവിഹിതമാണ് റെയ്ഡ്കോയിക്ക് നൽകിയതെന്നും 2023-24 വർഷത്തെ റിംങ് കംപോസ്റ്റ് ഗുണഭോക്തൃ വിഹിതം റെയ്ഡ്കോയിക്ക് നൽകിയിട്ടില്ലെന്നും വിശദീകരിച്ചിട്ടുണ്ട്.

ബിന്നുകൾ ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 4,45,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ : 24/10.10.2024.

## 1-25 കവുങ്ങ് കൃഷിക്ക് ജൈവവളം പദ്ധതി-കൃഷിയുടെ വിശദവിവരം രേഖപ്പെടുത്തിയില്ല.

2023-24 സാമ്പത്തിക വർഷത്തിൽ കവുങ്ങ് കൃഷിക്ക് ജൈവവളം പദ്ധതി നടപ്പിലാക്കിയതിന്റെ ചെലവ് വിവരം താഴെ ചേർക്കുന്നു .

നിർവ്വഹണ ഉദ്യോഗസ്ഥൻ: കൃഷി ഓഫീസർ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 12/ 2023-24 |
| പ്രോജക്റ്റ് | കവുങ്ങ് കൃഷിക്ക് ജൈവവളം |
| അടങ്കൽ തുക | 17,60,000 രൂപ |
| ആകെ ചെലവ് തുക | 15,25,191രൂപ |
| ബിൽ തുക | 3,65,837രൂപ |
| ബിൽ റഫറൻസ് നമ്പർ , തിയ്യതി | 23200252017100760202/തിയ്യതി: 8.11.2023 |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ ) |

ബിൽ പ്രകാരമുള്ള ഗുണഭോക്താക്കളടെ അപേക്ഷകൾ പരിശോധിച്ചതിൽ, ഗുണഭോക്താക്കൾക്ക് ജൈവവളം വാങ്ങിയ വകയിൽ സബ്സിഡി മാനദണ്ഡ പ്രകാരമുള്ള ബിൽ തുകയുടെ 75% ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ കവുങ്ങ് കൃഷി സംബന്ധിച്ച് വിശദവിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. അതിനാൽ ജൈവവളം വാങ്ങിയതിന്റെ അളവ് , കവുങ്ങ് കൃഷിയുടെ എണ്ണം/ വിസ്തൃതി എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ജൈവവളം നൽകിയതിന്റെ അളവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കവുങ്ങ് കൃഷിയുടെ വിസ്തൃതി, ജൈവവളത്തിന്റെ അളവ് എന്നിവ പൊരുത്തപ്പെടാത്തതിനാൽ വിശദവിവരം ലഭ്യമാക്കുന്നതു വരെ ചെലവ് തുകയായ 3,65,837 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 27/10.10.2024.

## 1-26 തെങ്ങിന് ജൈവവളം വിതരണം-തെങ്ങ് കൃഷിയുടെ വിശദവിവരം രേഖപ്പെടുത്തിയില്ല.

2023-24 സാമ്പത്തിക വർഷത്തിൽ തെങ്ങിന് ജൈവവളം വിതരണം പദ്ധതി നടപ്പിലാക്കിയതിന്റെ ചെലവ് വിവരം താഴെ ചേർക്കുന്നു .

<u>നിർവ്വഹണ ഉദ്യോഗസ്ഥൻ: കൃഷി ഓഫീസർ</u>

| | |
|---|---|
| പ്രോജക്ട് നമ്പർ | 11/ 2023-24 |
| പ്രോജക്ട് | തെങ്ങിന് ജൈവവളം വിതരണം |
| അടങ്കൽ തുക | 13,49,525രൂപ |
| ആകെ ചെലവ് തുക | 7,98,966രൂപ |
| ബിൽ തുക | 1,58,683 രൂപ |
| ബിൽ റഫറൻസ് നമ്പർ , തിയ്യതി | 23200252017100760214 /തിയ്യതി: 8.11.2023 |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ ) |

ബിൽ പ്രകാരമുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ തെങ്ങിന് ജൈവവളം വാങ്ങിയ വകയിൽ, ബിൽ തുകയുടെ 75% അനുവദിച്ചിട്ടുണ്ട്. എന്നാൽ തെങ്ങ് കൃഷി സംബന്ധിച്ച് വിശദവിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. തെങ്ങിന് ജൈവവളം വാങ്ങിയതിന്റെ അളവ്, തെങ്ങ് കൃഷിയുടെ എണ്ണം എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഗുണഭോക്താക്കളുടെ തെങ്ങ് കൃഷിയുടെ എണ്ണത്തിന് ആനുപാതികമായിട്ടാണോ ജൈവവളം വാങ്ങിയതിന്റെ അളവ് എന്ന വ്യക്തമല്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ, ഗുണഭോക്താക്കളുടെ തെങ്ങ് കൃഷിയുടെ എണ്ണത്തിന് ആനുപാതികമായിട്ടാണോ ജൈവവളം വാങ്ങിയതിന്റെ അളവ് എന്ന വ്യക്തമാക്കിയിട്ടില്ല. വിശദവിവരം ലഭ്യമാക്കുന്നതു വരെ ചെലവ് തുകയായ 1,58,683 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നമ്പർ : 30/10.10.2024.

## <u>1-27 പ്രോജക്ട് നം.126/24- CEC നീർച്ചാൽ റിപ്പയർ- ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തതിനാൽ നഷ്ടം</u>

പ്രോജക്ട് നം.126/24- CEC നീർച്ചാൽ റിപ്പയർ എന്ന പ്രവൃത്തിയിൽ ഫൈനൽ പേമെന്റ് നടത്തുമ്പോൾ ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തതിനാൽ 52,940 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച

വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

## 1-28 തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ സമാഹരണം - സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിതരണം എന്നിവ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ സ.ഉ.(കൈ)നം.93/2012/തസ്വഭവ തീയതി 31.03.2012 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രോക്വയർമെന്റ് കമ്മിറ്റിയുടെ രൂപീകരണം, പ്രോക്വയർമെന്റ് പ്ലാൻ തയ്യാറാക്കൽ, വാങ്ങൽ നടപടിക്രമങ്ങൾ, സാധനസാമഗ്രികളുടെ സംഭരണം, വിതരണം, മിച്ചമുള്ള സാമഗ്രികളുടെ ഡിസ്പോസൽ, പ്രോക്വയർമെന്റ് നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കൽ തുടങ്ങിയ കാര്യങ്ങളിൽ വിശദമായ നിർദേശങ്ങൾ ഈ മാർഗരേഖയിൽ ഉണ്ട്.

മഹാത്മാ ഗാന്ധി ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2023-24 ൽ 128 പ്രവൃത്തികൾക്കായി 17,92,000 രൂപയുടെ സാധന സാമഗ്രികൾ സമാഹരിച്ചിട്ടുണ്ട്. ഇതിൽ തൊഴുത്ത്, കോഴിക്കൂട് തുടങ്ങിയ, വ്യക്തികൾക്കായുള്ള ആസ്തികളുടെ നിർമാണവും റോഡ് കോൺക്രീറ്റ് അടക്കമുള്ള സാമൂഹിക ആസ്തികളുടെ നിർമാണവും പ്രവൃത്തി സൈറ്റുകളിൽ സ്ഥാപിക്കാനുള്ള സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകളും ഉൾപ്പെടുന്നു. വാങ്ങൽ നടപടിക്രമങ്ങൾ, സംഭരണം, വിതരണം എന്നിവയിൽ സർക്കാർ മാർഗ നിർദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന പരിശോധനയ്ക്കായി വിവിധ വിവരങ്ങളും രേഖകളും ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് നടത്തിയ വാങ്ങലുകളിൽ ചുവടെ ചേർക്കുന്ന അപകതകൾ ഉള്ളതായി കാണുന്നു.

1. ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ NREGA ക്കായി പ്രോകവർമെന്റ് കമ്മിറ്റി, സബ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിച്ചുവെങ്കിലും കമ്മിറ്റികളുടെ വിശദാംശങ്ങളും കമ്മിറ്റികൾ അംഗീകരിച്ചു കൊണ്ടുള്ള ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ ഉത്തരവും കമ്മിറ്റികളുടെ മിനിട്ട്സ് ബുക്കുകളും ഹാജരാക്കിയിട്ടില്ല. കമ്മിറ്റികൾ കൃത്യമായി സംഘടിപ്പിച്ചതിനും വാങ്ങൽ നടപടികൾ നിയന്ത്രിച്ചതിനും തെളിവില്ല.

2. പ്രതിമാസ, അർദ്ധവർഷ, വാർഷിക പ്രോക്വയർമെന്റ് പ്ലാനുകൾ തയ്യാറാക്കിയിട്ടില്ല. ഓരോ പ്രവൃത്തിക്കായി പ്രത്യേകം ടെണ്ടറുകൾ വിളിച്ച് സാധന സാമഗ്രികൾ സമാഹരിക്കുന്ന രീതിയാണ്

പഞ്ചായത്ത് അവലംബിച്ചിട്ടുള്ളത്. സർക്കാർ മാർഗ നിർദേശ പ്രകാരം പ്രതിമാസ, അർദ്ധവർഷ, വാർഷിക പ്രോക്വയർമെന്റ് പ്ലാനുകൾ തയ്യാറാക്കി ബൾക്ക് പ്രൊക്വയർമെന്റ് നടത്തിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന ആനുകൂല്യങ്ങൾ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

3. ടെണ്ടറുകളുടെ പത്രപ്പരസ്യം, ടെണ്ടർ ഫോറം വിൽപ്പന, ലഭിച്ച ടെണ്ടറുകൾ, ടാബുലേഷൻ പട്ടിക, കരാറുകാരുമായി ഏർപ്പെട്ട കരാർ, വർക്ക് ഓർഡർ, പഞ്ചായത്ത് കമ്മിറ്റി ടെണ്ടറുകൾ അംഗീകരിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കാൻ NREGA വിഭാഗത്തിന് സാധിച്ചിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകളുടെ അഭാവത്തിൽ ടെണ്ടർ നടപടികൾ നിയമവിധേയവും സുതാര്യവുമായിരുന്നോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. സാധന സാമഗ്രികൾ ഏറ്റുവാങ്ങുന്ന എഞ്ചിനീയർ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് സമർപ്പിക്കേണ്ട രേഖകൾ (വാഹനത്തിന്റെ വിവരം, സാമഗ്രികൾ ടെക്നിക്കൽ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നുവെന്ന സാക്ഷ്യപത്രം) തയ്യാറാക്കുകയോ സെക്രട്ടറിക്ക് കൈമാറുകയോ ചെയ്യുന്ന രീതി പഞ്ചായത്തിൽ ഇല്ല. ഇത്തരം രേഖകൾ എഞ്ചിനീയറോട് ആവശ്യപ്പെടുന്ന രീതി സെക്രട്ടറി സ്വീകരിച്ചിട്ടുമില്ല. സാധന സാമഗ്രികൾ ഏറ്റുവാങ്ങിയ മേറ്റിന്റെ ഒപ്പും AE യുടെ മേലൊപ്പും അടങ്ങിയ അനുബന്ധം 5 ലുള്ള റിപ്പോർട്ട് ഒരു പ്രവൃത്തിയിലും തയ്യാറാക്കിയിട്ടില്ല. ഈ റിപ്പോർട്ട് സെക്രട്ടറിക്ക് കൈമാറേണ്ടതാണെങ്കിലും സെക്രട്ടറി ഈ രേഖ ആവശ്യപ്പെട്ടതായി ഒരു ഫയലിലും കാണുന്നില്ല.

5. മേറ്റ് കൈപ്പറ്റിയ സാമഗ്രികളുടെ സ്റ്റോക്ക്, വിതരണം എന്നിവ രേഖപ്പെടുത്തിയ അനുബന്ധം 6 ലുള്ള സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

6. മിച്ചം വരുന്ന സാമഗ്രികളുടെ കൈകാര്യം ഒരു പ്രവൃത്തിയുടെ ഫയലിലും കാണാൻ സാധിച്ചിട്ടില്ല. സാധനങ്ങൾ മിച്ചം വന്നിട്ടില്ല എന്നാണ് NREGA വിഭാഗം വിശദീകരണം നൽകിയിട്ടുള്ളത്.

7. പഞ്ചായത്ത് സമാഹരിച്ച സാധന സാമഗ്രികളുടെ ജി.എസ്.ടി ഇൻവോയ്സുകൾ കരാറുകാരിൽ നിന്നും വാങ്ങുകയോ ബില്ലുകളിലെയും എസ്റ്റിമേറ്റിലെയും നിരക്കുകൾ താരതമ്യപ്പെടുത്തി പേമെന്റ് ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. തൊഴിലുറപ്പ് പദ്ധതിയിലെ സാധന സാമഗ്രികളുടെ സമാഹരണത്തിൽ സർക്കാർ കാലാകാലങ്ങളായി പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങൾ കർശനമായും പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 10/08.10.2024.

**1-29 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും നികുതികൾ കുറവു ചെയ്യുന്നില്ല.**

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018ഒക്ടോബർ 1 മുതൽ 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്.

തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2023-24 വർഷം സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത കാരറുകാർ മുഖേനയാണ് സാധനങ്ങൾ വാങ്ങിയത്. എന്നാൽ കരാറുകാർക്കുള്ള പേമെന്റ് നടത്തിയപ്പോൾ നിയമങ്ങൾ പ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ സർക്കുലറിലെ നിർദ്ദേശം പാലിച്ച് ജി.എസ്.ടിയും ആദായ നികുതി നിയമപ്രകാരമുള്ള ആദായ നികുതിയും കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ നമ്പർ, തുക | | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി<br>1% SGST<br>1% CGST | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി |
|---|---|---|---|---|---|
| 1 | ചാളക്കോട് വളക്കുഞ്ച റോഡ് കോൺക്രീറ്റ് (1601003001/RC/368371)<br>വെണ്ടർ- വാസുദേവ ഹൊള്ള | 0121EATPAYREQ06122023162553/06.12.2023 | 360323 | 7206 | 3603 |

| | | | | | |
|---|---|---|---|---|---|
| 2 | കുണ്ടിക്കാന സരളി റോഡ് കോൺക്രീറ്റ് (1601003001/RC/368372) വെണ്ടർ- വാസുദേവ ഹൊള്ള | 0121EATPAYREQ06122023162544/06.12.2023 | 359934 | 7199 | 3599 |
| 3 | ബീജന്തടുക്ക കൈകെ വളപ്പ് റോഡ് കോൺക്രീറ്റ് വെണ്ടർ- വെണ്ടർ- വാസുദേവ ഹൊള്ള | 0121EATPAYREQ05122023161049/05.12.2023 | 359934 | 7199 | 3599 |
| | | | | 21,604 | 10,801 |

നികുതികൾ കുറവ് ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തുക അടക്കാൻ കരാറുകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് സെക്രട്ടറി നൽകിയിട്ടുള്ളത്. തുടർ നടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

പേമെന്റ് നടത്തുവാൻ ബാക്കിയുള്ള എല്ലാ പ്രവൃത്തികളുടെയും പേമെന്റ് നടത്തുമ്പോൾ ബാധകമായ നികുതികൾ കുറവ് ചെയ്ത് അടക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 11/08/10/2024.

**<u>1-30 വിവിധ പ്രോജക്ടുകൾ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.</u>**

2023-24 വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി, സെക്രട്ടറി മുൻകൂറായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്,നം.,ഫണ്ട് | ചെക്ക് /വൗച്ചർ നം, തിയതി | തുക (₹) | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | വിവിധ സ്ഥലങ്ങളിൽ | XVFC/2023-24/P/98/ 30.03.2024 | 6,00,701 | ജില്ലാ ഭൂജലവകുപ്പ്, കാസറഗോഡ് |

| | | | | |
|---|---|---|---|---|
| | ബോർവെൽ (282/24) - CFC | | | |
| 2 | വിവിധ കുടിവെള്ള പദ്ധതികൾ (158/24) - CFC | XVFC/2023-24/P/84/ 15.06.2023 | 6,57,340 | ജില്ലാ ഭൂജലവകുപ്പ്, കാസറഗോഡ് |
| 3 | വിവിധ സ്ഥലങ്ങളിൽ മോട്ടറും പൈപ്പ് ലൈനും (272/24) - CFC | XVFC/2023-24/P/27/ 22.11.2023 | 31,87,000 | ജില്ലാ ഭൂജലവകുപ്പ്, കാസറഗോഡ് |
| 4 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (262/24) - തനത് ഫണ്ട് | XY0471497/18.12.2023 | 2,05,983 | കെൽട്രോൺ (KSEDC), തിരുവനന്തപുരം |
| | ആകെ | | 46,51,024 | |

<u>പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെയും എസ്റ്റിമേറ്റ് പ്രകാരം കണക്കാക്കിയിട്ടുള്ള തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.</u>

| | |
|---|---|
| വിവിധ സ്ഥലങ്ങളിൽ ബോർവെൽ (282/24)<br>(08 എണ്ണം) | എൽക്കാന SC കോളനി (1,16,593/-), മുക്കംപാറ ലക്ഷംവീട് കോളനി (10,605/-), ബോളമ്പു-കുഞ്ചാർ അംഗനവാടി (1,04,717/-), പട്ടാജെ അംഗനവാടി (1,04,928/-), ചെന്നാർകട്ടെ അംഗനവാടി (1,09,982/-), ഹിദായത്ത് നഗർ അംഗനവാടി (1,32,666/-), ചെടേക്കൽ |

| | |
|---|---|
| | അംഗനവാടി (10,605/-), ശക്തിനഗർ അംഗനവാടി (10,605/-) |
| വിവിധ കുടിവെള്ള പദ്ധതികൾ (158/24) (06 എണ്ണം) | ദർബത്തടുക്ക (99,161/-), പള്ളത്തടക്ക മസ്ജിദ് റോഡ് (1,21,000/-), കന്യാപ്പാടി അംഗനവാടി (1,02,993/-), ദേവരമെട്ട് (1,14,011/-), കേളോട്ട് (1,06,164/-), കല്ലച്ചേരി (1,14,011) |
| വിവിധ സ്ഥലങ്ങളിൽ മോട്ടറും പൈപ്പ് ലൈനും (272/24) | പെരിയഡുക്ക (4,65,000/-), പഞ്ചിക്കല്ല് അംഗനവാടി (1,20,000/-), പാടലടുക്കം-II (1,26,000/-), നെല്ലിക്കഞ്ചെ ഗുത്തു (4,80,000/-), കനകപ്പാടി (3,70,000/-), കാരമൂല (1,12,000/-), എൽക്കാന ബണ്ടടുക്ക (1,60,000/-), ദർബത്തടുക്ക (5,70,000/-), ഗുത്തനാടി (4,33,000/-), ബടക്കേമൂല (1,27,000/-), ബെരിഗെ (4,56,000/-) |
| പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (262/24) | മൂന്ന് ലാപ്ടോപ്പുകളുടെ വില (₹ 68,661/- നിരക്കിൽ) |

മുൻകൂർ നൽകിയ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണ വിവരങ്ങളും ഹാജരാക്കുന്നതിന് വിധേയമായി 46,51,024/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.31 /10.10.2024.

## 1-31 എച്ച്.എം.സികൾ- വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമയബന്ധിതമായി ലഭ്യമാക്കുന്നില്ല.

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം മാനേജിംഗ് കമ്മിറ്റി രൂപീകരണവും, ചട്ടം 9 പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റും വ്യക്തമാക്കിയിട്ടുണ്ട്.

15.06.2010ലെ ജി.ഒ.(എം.എസ്.)125/2010/എൽ.എസ്.ജി.ഡി.(എസ്.ആർ.ഒ.നം.598/10)) പ്രകാരമുള്ള പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 9(1) ലൂടെ ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുമുണ്ട്.

ബദിയഡുക്ക ഗ്രാപഞ്ചായത്തിന്റെ കീഴിലുള്ള പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ എച്ച്.എം.സി ഓഡിറ്റിന്റെ നിലവിലെ വിവരം ചുവടെ ചേർക്കുന്നു.

| പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പേര് | വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചത് (സാമ്പത്തിക വർഷം) | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചത് | | വരവ് -ചെലവ് കണക്ക് ലഭിക്കുവാനുള്ളവ |
|---|---|---|---|---|
| | | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | |
| ഗവ.ആയുർവേദ ഡിസ്പെൻസറി, ബദിയഡുക്ക | 2021-22 | 2020-21 & 2021-22 | കെ.എസ്.എ/ കെ.എസ്.ഡി-4/503/2022, 30.03.2023 | 2019-20, 2022-23, 2023-24 |
| ഗവ.ഹോമിയോ ഡിസ്പെൻസറി, ബദിയഡുക്ക | 2023-24 | 2017-18 & 2018-19 | കെ.എസ്.എ/ കെ.എസ്.ഡി-4/85/2021, 28.01.2021 | ഇല്ല |

ഗവ.ഹോമിയോ ഡിസ്പെൻസറി, ബദിയഡുക്കയുടെ 2019-20 മുതൽ 2023-24 വരെയുള്ള വരവ്-ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വേളയിൽ 7.10.2024 ലെ 32/14D02/2024 നമ്പർ കത്ത് പ്രകാരമാണ് ലഭ്യമാക്കിയത്.

ഗവ.ആയുർവേദ ഡിസ്പെൻസറി, ബദിയഡുക്ക യുടെ 2020-21 & 2021-22 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-1 പ്രകാരം 2019-20 സാമ്പത്തിക വർഷത്തെ വരവ് -ചെലവ് കണക്ക് ലഭ്യമാക്കിയിട്ടില്ല എന്ന് പരാമർശിച്ചിരുന്നു. ആയതിനാൽ 2019-20, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ വരവ് -ചെലവ് കണക്കുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ സ്ഥാപനങ്ങളുടെ തുടർന്നുള്ള വർഷങ്ങളിലേയും വരവ്-ചെലവ് കണക്കുകൾ സാമ്പത്തികവർഷം അവസാനിക്കുമ്പോൾ തന്നെ തയ്യാറാക്കി ഓഡിറ്റിനായി അയച്ചുതരേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 CEC നീർച്ചാൽ റിപ്പയർ- ടെണ്ടർ നിരക്ക് കുറവ് ചെയ്യാത്തതിനാൽ നഷ്ടം

| | |
|---|---|
| പ്രോജക്റ്റ് | പ്രോജക്റ്റ് നം.126/24- CEC നീർച്ചാൽ റിപ്പയർ |
| കരാറുകാരൻ | ശ്രീ സൈനുദ്ദീൻ.സി.കെ. |
| ടെണ്ടർ നിരക്ക് | 17.7% കറവ് |
| കരാർ | കരാർ നം. 14/AE/LSGD/22-23, തിയതി 19.04.2022 |
| ചെലവ് | 2,99,096 രൂപ (നോൺ റോഡ് മെയിന്റനൻസ് ഫണ്ട്)- BRN 23200252020101400891/18.03.2024 |
| അളവു പുസ്തകം | നം.29/22-23, 30/22-23 |

ഈ പ്രവൃത്തി 17.7% കുറവ് നിരക്കിലാണ് കരാറുകാരൻ ഏറ്റെടുത്തത്. ടെണ്ടർ ചെയ്ത PAC 3,56,903 രൂപയും അഗ്രീഡ് PAC 2,93,731 രൂപയുമാണ്. ഈ പ്രവൃത്തിയുടെ അളവു പുസ്തകം നമ്പർ 29/22-23 ലെ പേജ് 18 പ്രകാരം ആകെ പ്രവൃത്തി മൂല്യം 2,67,050 രൂപയാണ്. പ്രസ്തുത പ്രവൃത്തിക്ക് ചുവടെ ചേർത്ത പ്രകാരം ടെണ്ടർ നിരക്ക് കുറവ് ചെയ്യാതെയാണ് കരാറുകാരന് പേമെന്റ് നടത്തിയിട്ടുള്ളത്.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 2,67,050 രൂപ |
| (+) 12% GST Compensation | 32,046 |
| | 2,99,096 |
| (-) നികുതികൾ, ക്ഷേമനിധി വിഹിതം | 10,684 |

| | |
|---|---|
| (-) പിഴ | 18,695 |
| കരാറുകാരന് നൽകിയ തുക | 2,69,717 |
| പ്രവൃത്തിയുടെ ഗ്രോസ് ചെലവ് | 2,99,096 രൂപ |

ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും 17.7% ടെണ്ടർ നിരക്ക് കുറവ് ചെയ്ത തുക മാത്രമേ ഈ പ്രവൃത്തിയുടെ ഗ്രോസ് ചെലവായി വഹിക്കാനാകൂ. കറാറുകാരന് തുക നൽകാമായിരുന്ന വിധം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 2,67,050 രൂപ |
| (-) 17.7 % കുറവ് | 47,268 രൂപ |
| | 2,19,782 രൂപ |
| (+) 12% GST Compensation | 26,374 |
| ചെലവഴിക്കാമായിരുന്ന ഗ്രോസ് തുക | 2,46,156 രൂപ |
| ചെലവഴിച്ച ഗ്രോസ് തുക | 2,99,096 രൂപ |
| അധികച്ചെലവ് | 52,940 രൂപ |

ടെണ്ടർ നിരക്ക് കുറവ് ചെയ്യാതെ പേമെന്റ് നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല. ടെണ്ടർ കിഴിവ് നടത്താത്തതിനാൽ നഷ്ടം വന്ന 52,940 രൂപ പ്രവൃത്തിയുടെ അന്തിമ ബിൽ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 12/08.10.2024.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1. | ജില്ലാ പഞ്ചായത്ത് | 2023-24 | 250000 | 21- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |
| | | | 100000 | 5- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ആകെ തുക | | | 350000 | ആകെ തുക | 350000 | 0 |
| 2. | ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 437500 | 30- സ്ഥിരം കൃഷി | 437500 | 0 |
| | | | 660600 | 21- ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 660600 | 0 |
| | | | 212084 | 19- അങ്കണവാടി അനുപൂരക പോഷകാഹാര വിതരണം | 212084 | 0 |
| | | | 98200 | 26- ലൈഫ് ഭവന പദ്ധതി എസ്.ടി | 98200 | 0 |
| | | | 400000 | 5- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| ആകെ തുക | | | 1808384 | ആകെ തുക | 1808384 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റ് | 158- വിവിധ കുടിവെള്ള പദ്ധതികൾ | 22300334, 29.06.2023 | 6,57,340/- | 0 | 6,57,340/- |
| ഗ്രൗണ്ട് വാട്ടർ ഡിപ്പോർട്ട്മെന്റ് | 272-വിവിധ സ്ഥലങ്ങളിൽ മോട്ടോർ & പൈപ്പ് ലൈൻ | 22300785, 31.12.2023 | 31,87,000/- | 0 | 31,87,000/- |
| | 282-വിവിധ സ്ഥലങ്ങളിൽ കുഴൽകിണർ | 22301331, 31.03.2024 | 6,00,701/- | 0 | 6,00,701/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ (MS) നം 68/2018.തസ്വഭവ. തി.18-5-2018 & ജി.ഒ (MS) നം 111/2018.തസ്വഭവ. തി.13-8-2018 | 5,30,79,200 | 4,70,63,362 ( 3,90,60,031 + 80,03,331 തൻവർഷം ലഭിച്ചത്) | 66,10,119 | 0 | 4,04,53,243* |

* ലൈഫ് ഭവനപദ്ധതിയിലെ വായ്പാ തുക കൈകാര്യം ചെയ്യുന്നതിനുള്ള ബാങ്ക് അക്കൗണ്ടിൽ (കാനറാ ബാങ്ക്- 4929) 2023-24 വർഷം ലഭിച്ച പലിശ 13,331 രൂപ പലിശവരുമാനമായി രേഖപ്പെടുത്താതെ വായ്പാ ബാദ്ധ്യതയായി രേഖപ്പെടുത്തിയതിനാൽ വായ്പാ ബാദ്ധ്യതയുടെ നീക്കിയിരിപ്പിൽ 13,331 രൂപ അധികമായി കാണുന്നു.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 500/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 | 3(10) | 500/- | ലഭ്യമല്ല | 123010803/24.07.2023 |
| | ആകെ | 500/- | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 28 | 2003-04 | 3-14-3-2 | സർക്കാർ അനുവദിക്കാത്ത ഇനത്തിന് സബ്സിഡി അനുവദിച്ചത് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) 39-മത് റിപ്പോർട്ടിലെ ഖണ്ഡിക 112 പ്രകാരം പരാമർശം ഒഴിവാക്കിയിട്ടുണ്ട്. ഹെഡ്ഡോഫീസിൽ നിന്നും അനുമതി |

| | | | | | |
|---|---|---|---|---|---|
| | | | | | ലഭ്യമായ ശേഷം പരാമർശം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും- അവലോകന റിപ്പോർട്ട് | | 2013-14 | 5.1.5.11 | കുടിവെള്ള വിതരണ രംഗത്തെ ബദിയഡുക്ക മാതൃക (പേജ് 78) | സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിച്ച് തയ്യാറാക്കിയ മറുപടി KSAKSD9/672/23 തി.13.09.2023 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) പരിഗണനയിൽ |
| - ടി - | - | 2013-14 | 5.1.5.17 | വെള്ളക്കരം കുടിശ്ശിക സംബന്ധിച്ച് (പേജ്.87) | സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിച്ച് തയ്യാറാക്കിയ എം.ഐ.പി KSAKSD9/238/23 തി.03.05.2023 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2021-23) പരിഗണനയിൽ |
| 2014-15 | 2-1 | 2016-17 | അധ്യായം.2 അനുബന്ധം4 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |
| 2015-16 | 2-1*, 2-2 | 2016-17 | അധ്യായം.2 അനുബന്ധം5 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. (ഖ.2.1 വസ്തു നികുതിയുമായി ബന്ധപ്പെട്ടതാണ് ) |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

1) ചാർജ് നടപടി വഴി ഈടാക്കിയ/ഈടാക്കുവാനുള്ള തുക: **ഇല്ല**

2) സർചാർജ് നടപടി വഴി ഈടാക്കിയ/ഈടാക്കുവാനുള്ള തുക :

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക. നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, സ്ഥാനം | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രശീതി നമ്പർ, തീയതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക/ തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക ,/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2018-19 | ഖ.3-1 & 3-4 Part | രാജീവൻ ഉറുമി വളപ്പിൽ അസി.എക്സി. എഞ്ചിനിയർ | KSA.133/Spl.Cell/ Csc/ C2/2021(2) Dt.03/02/2024 | 54134 | - | | | | - | 54134 | - |
| 2 | 2018-19 | ഖ.3-1 Part, 3.2, 3.3 & 3.4 Part | ഉഷാർ കൃഷ്ണൻ അസി. എഞ്ചിനിയർ | KSA.133/Spl.Cell/ Csc/ C2/2021(2) Dt.03/02/2024 | 73461 | - | | | | - | 73461 | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 10,53,53,166/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 9,17,86,271/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹52,940/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹65,84,920 /- |

(ബി) ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 52,940 | ശ്രീമതി.അനുഷ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 57,616/- | ശ്രീ.വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-16 | 1,58,000/- | ശ്രീ.വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 3,038/- | ശ്രീ.വിജയൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-20 | 1,24,650/- | ശ്രീമതി.ഷംനീഷ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-22 | 4,75,072 | ശ്രീ.സുബ്രഹ്മണ്യ ഭട്ട് കെ, പ്രധാനാധ്യാപകൻ |
| 1-23 | 1,46,000 | ശ്രീ.സുബ്രഹ്മണ്യ ഭട്ട് കെ |
| 1-24 | 4,45,000 | ശ്രീ.അബ്ദുള്ള എ , വി.ഇ.ഒ |
| 1-25 | 3,65,837 | ശ്രീമതി ബിന്ദു ജോർജ്ജ്, കൃഷി ഓഫീസർ |
| 1-26 | 1,58,683 | ശ്രീമതി ബിന്ദു ജോർജ്ജ്, കൃഷി ഓഫീസർ |
| 1-30 | 46,51,024 | ശ്രീ. രാജേന്ദ്രൻ സി, സെക്രട്ടറി |
| ആകെ | ₹65,84,920 /- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി.അനുഷ.കെ, അസിസ്റ്റന്റ് എഞ്ചിനീയർ | പി.ഡബ്ല്യു.ഡി വകുപ്പിൽ ജോലി ചെയ്യുന്നു. | അനുഗിരി നിലയ, വിഷ്ണുമൂർത്തി നഗർ, ബേള, കാസറഗോഡ്-671321 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-കെ.എസ്.ഡി.6/852/22(2) തിയതി:26.9.2022 | 01 |
| 2002-03 | കെ.എസ്.എ-കെ.എസ്.ഡി.6/852/2022(7) തിയതി.26.09.2022 | 05 |
| 2003-04 | കെ.എസ്.എ-കെ.എസ്.ഡി.6/852/2022(8) തിയതി.26.09.2022 | 02 |
| 2004-05 | കെ.എസ്.എ-കെ.എസ്.ഡി.6/852/2022(9) തിയതി26.09.2022 | 01 |
| 2005-06 | കെ.എസ്.എ-കെ.എസ്.ഡി.6/852/2022(10) തിയതി.26.09.2022 | 11 |
| 2006-07 | കെ.എസ്.എ-കെ.എസ്.ഡി.6/852/2022(11) തിയതി.26.09.2022 | 10 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ-<br>കെ.എസ്.ഡി.6/852/2022(12)<br>തിയതി.26.09.2022 | 03 |
| 2008-09 | കെ.എസ്.എ-<br>കെ.എസ്.ഡി.6/852/2022(13)<br>തിയതി.26.09.2022 | 04 |
| 2009-10 | കെ.എസ്.എ-<br>കെ.എസ്.ഡി.6/852/2022(14)<br>തിയതി.26.09.2022 | 04 |
| 2010-11 | കെ.എസ്.എ-<br>കെ.എസ്.ഡി.6/852/2022(15)<br>തിയതി.26.09.2022 | 3 |
| 2011-12 | കെ.എസ്.എ-<br>കെ.എസ്.ഡി.6/852/2022(16)<br>തിയതി.26.09.2022 | 6 |
| 2012-13 | കെ.എസ്.എ-<br>കെ.എസ്.ഡി.6/852/2022(17)<br>തിയതി.26.09.2022 | 6 |
| 2013-14 | കെ.എസ്.എ-<br>കെ.എസ്.ഡി.6/852/2022(18)<br>തിയതി.26.09.2022 | 9 |
| 2014-15 | കെ.എസ്.എ-<br>കെ.എസ്.ഡി.6/852/2022(19)<br>തിയതി.26.09.2022 | 6 |
| 2015-16 | കെ.എസ്.എ-<br>കെ.എസ്.ഡി.6/852/2022(20)<br>തിയതി.26.09.2022 | 7 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി.6/852/2022(21) തിയതി.26.09.2022 | 7 |
| 2017-18 | കെ.എസ്.എ-കെ.എസ്.ഡി.6/78/2022 (11) തിയതി.16.08.2022 | 11 |
| 2018-19 | കെ.എസ്.എ-കെ.എസ്.ഡി.6/78/2022 (12) തിയതി.16.08.2022 | 12 |
| 2019-20 | കെ.എസ്.എ-കെ.എസ്.ഡി.6/645/2021 തിയതി. 15.11.2021 | 27 |
| 2020-21 | കെ.എസ്.എ-കെ.എസ്.ഡി.6/646/2021, തീയതി 15/11/2021 | 31 |
| 2021-22 | കെ.എസ്.എ-കെ.എസ്.ഡി.6/116/2023, തീയതി 28/03/2023 | 40 |
| 2022-23 | കെ.എസ്.എ-കെ.എസ്.ഡി.6/803/2023, തീയതി 08/11/2023 | 46 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ മുഴുവൻ പരാമർശങ്ങളും തീർപ്പാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 8/2 dated 8/2 dated 13-06-2024 and submitted on 09-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Badiadka Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Badiadka Grama Panchayat as on 31-03-2024

**Date: 16/11/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Badiadka Grama Panchayat for the Year 2023-2024.

## 1.Major Observations

Asset register is incomplete.

## 2.Other Observations

1. The defects in Schedule B1 panchayat general fund and Cash Flow Statement which have been repeated over years have not been rectified.

2. Undue delay was noticed in recording the accrual of income and expenditures.

3. The details of Finance Commission grant (tied and untied) reflected in the AFS are erroneous.

4. The reconcilliation statements of TSB account 2162, Canara Bank ownfund account 3856 as on 31.03.2024 are incorrect.

5. The Register of Rent and Building application register have not been closed and abstract not worked out. Hence the accuracy of the income could not be ensured.

6. The source documents for recording expenditure under variuos social security pensions have not been produced.

7. The details of capital contribution recorded during the year have not been produced to Audit.

8. Depreciation for the current year is seen charged against capital contribtuion instead of fixed assets as required in significant accounting policies.

9. The deposit and advance registers have not been updated.

10. The details of liabilities as per Schedule B4 and B9 and advances and deposits as per Schedule B18 of the Balance Sheet as on 31.03.2024 have not been furnished to Audit.

11. The details of receipts and payments under Mahatma Gandhi National Rural Employment Act reflected in the AFS is erroneous.

12. The details of capital work- in- progress reflected in the Balance sheet are erroneous.

13. The interest received in the bank account for handling the loan amount under LIFE housing scheme has been recoreded as loan liability which resulted in an exorbitant amount under loan.

14. The amounts under Secured Loan is not in agreement with the amount under the head prepaid programme expenses.

15. The closing balance of contributions for joint venture projects is not in agreement with the closing Balance in the treasury account for Joint Venture projects.

16. The transactions in respect of resumption amount in the treasury joint venture account no.2162 has not been recorded.

Deputy Director
Kerala State Audit Department
District Audit Office, Kasaragod

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ ബദിയഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
# ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Badiadka Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 9302093.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1125752.00 |
| 140000000 | Fee & User Charges | I-4 | 6341304.00 |
| 150000000 | Sale & Hire Charges | I-5 | 386710.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 167378625.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 499633.00 |
| 180000000 | Other Income | I-9 | 5589.00 |
| 190000000 | Prior Period Income | I-19 | 14288.00 |
| | **Total Income** | | **185039706.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11168467.00 |
| 220000000 | Administrative Expenses | I-11 | 1634814.00 |
| 230000000 | Operations & Maintenance | I-12 | 2894367.00 |
| 240000000 | Interest & Finance Charges | I-13 | 2373.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7535729.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 52980684.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 6425167.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 37760022.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 46953300.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2637173.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | **Total Expenditure** | | **169992096.00** |
| | **Gross Surplus / Deficit of income over Expenditure** | | **15047610.00** |
| | **Gross Surplus / Deficit of income over Expenditure** | | **14695921.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -365977.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-351689.00** |

Deputy Director
District Audit Office, Kasaragod

## അനുബന്ധം-4
## റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Badiadka Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(a) | 28729834.00 |
| Cash | Cash | RP-40(a) | 243962.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2337612.00 |
| 130000000 | Rental income from Panchayat Properties | RP-3 | 12500.00 |
| 140000000 | Fees & User Charges | RP-4 | 5531276.00 |
| 150000000 | Sale & Hire Charges | RP-5 | 386710.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 15723000.00 |
| 171000000 | Interest Earned | RP-9 | 499633.00 |
| 190000000 | Prior Period Income | RP-11 | 21820.00 |
| 311000000 | Earmarked Funds | RP-28 | 384.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 33336557.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 38666124.00 |
| 460000000 | Loans, Advances and Deposits | RP-49 | 24676.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 5589.00 |
| 330000000 | Secured Loans | RP-31 | 8003331.00 |
| 340000000 | Deposits Received | RP-33 | 187463.00 |
| 350000000 | Other Liabilities | RP-35 | 616491.00 |
| | Grand total | | 134326962.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 21805.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 31892.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 29751828.00 |
| 460000000 | Loans, Advances and Deposits | RP-49 | 2619236.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 55313.00 |
| 350000000 | Other Liabilities | RP-35 | 59306197.00 |

| | | | |
|---|---|---|---|
| | Closing Balance | | |
| Bank | Bank | RP-40(b) | 42435913.00 |
| Cash | Cash | RP-40(b) | 104778.00 |
| | Grand Total | | 134326962.00 |

Deputy Director
District Audit Office, Kasaragod

# അനുബന്ധം-5
# ബാലൻസ് ഷീറ്റ്

| | | | |
|---|---|---|---|
| **Badiadka Grama Panchayat BALANCE SHEET** | | | |
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 57171905.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 12272.00 |
| 312000000 | Reserves | B-3 | 75158107.00 |
| | **Total Reserve & Surplus** | | **132342284.75** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 25688587.00 |
| | **Total Grants, Contributions for Specific Purposes** | | **25688587.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 40453243.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **40453243.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1741665.00 |

| | | | |
|---|---|---|---|
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2726123.25 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **4467788.25** |
| | **TOTAL LIABILITIES** | | **202951903.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 8035080.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 3058940.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 29571984.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 124041768.00 |
| 416000000 | Accumulated Depreciation | B-11(a) | -101342131.00 |
| | **Total Fixed Assets** | | **63365641.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 44737684.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 40409912.00 |
| 450000000 | Cash and Bank Balance | B-17 | 42540691.00 |
| 460000000 | Loans, Advances and Deposits | B-18 | 11897975.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **139586262.00** |
| | **Other Assets** | | |

| | | | |
|---|---|---|---|
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **202951903.00** |

Deputy Director
District Audit Office, Kasaragod